# NERVEEDHI

Volume -12, Issue - 04, 10th April 2023, Monthly, Price ₹ 25, Published at Kottayam

വാല്യം-12, ലക്കം-04, ഏപ്രിൽ 2023 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം


# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## സ്നേഹത്തണലിൽ

പേജ് 16



Editorial

# ആത്മീക ഉണർവ്...!

**ദൈ**വമക്കൾ തങ്ങളുടെ ശരിയായ സ്വഭാവവും ജീവിതോദ്ദേശ്യവും തിരിച്ചറിഞ്ഞ് ഉണരുന്നതാണ് ആത്മീക ഉണർവ് എന്നത്. ജീവിതത്തിന്റെ ശരിയായ ദിശയിലേക്കുള്ള തിരിച്ചുവരവാണ് അത്. അന്തരീക്ഷത്തിൽ പൊടിപടലങ്ങൾ നിറഞ്ഞിരിക്കുന്നതുകൊണ്ട് നാം വൃത്തിയാക്കിയ മുറിയും അതിലുള്ള സാധനങ്ങളും ദിവസവും തുടച്ച് വൃത്തിയാക്കണം എന്നതുപോലെയാണ് നമ്മുടെ ആത്മീയജീവിതവും. പാപത്തിന്റെ സാന്നിധ്യവും, പ്രലോഭനങ്ങളുടെ സമ്മർദ്ദവും നിറഞ്ഞ ഈലോകത്തിൽ ജീവിക്കുമ്പോൾ മാനസാന്തരം എന്നത് ദിവസേന നമ്മിൽ ഉണ്ടാകേണ്ട ആത്മീയാനുഭവമാണ്. എങ്കിൽ മാത്രമേ ആത്മീയ ഉണർവിന്റെ തിരിനാളം അണയാതെ കാത്തു സൂക്ഷിക്കുവാൻ കഴിയുകയുള്ളൂ.

ദൈവത്തോട് ഉള്ളുതുറന്നു സംസാരിക്കുന്ന പ്രാർത്ഥനാനുഭവം ആത്മീയ ഉണർവിന്റെ ***അടിത്തറയാണ്.*** ദൈവത്തിന്റെ കൽപ്പനകൾ അനുസരിക്കുവാനുള്ള ഹൃദയവാഞ്ചയോടെ, പരിശുദ്ധാത്മ സഹായത്തോടുകൂടിയ വചനധ്യാനം ***അകത്തെ മനുഷ്യനെ ശക്തിപ്പെടുത്തും.*** മറ്റു ദൈവമക്കളോട് ചേർന്ന് ഒരുമനസ്സോടെ പ്രാർത്ഥിക്കുന്നതും ദൈവത്തെ വാഴ്ത്തി പാടുന്നതും ആത്മീയജീവിതത്തിന് ***ഉന്മേഷം*** പകരുന്നവയാണ്. ക്ഷമിക്കുവാനും മറ്റുള്ളവരെ ഉൾക്കൊള്ളാനും കഴിയുന്ന, ദൈവസ്നേഹത്താൽ വിശാലപ്പെട്ട ഹൃദയം ***ആത്മീയജീവിതത്തിന്റെ ശക്തിയാണ്.*** ഇവ എല്ലാം ക്രിസ്തീയജീവിതത്തെ ധന്യമാക്കുന്നതും പ്രകാശമായി ശോഭിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതുമാണ്.

പരിശുദ്ധാത്മാവിനാൽ ഭരിക്കപ്പെട്ട്, ദൈവവചനത്താൽ ദൈവമക്കളിൽ ഉളവായി വരുന്ന ഒന്നാണ് ഉണർവ് (revival). ഉണർവുണ്ടായാൽ വിശ്വാസികൾ ക്രൂശിനോടടുക്കും, അതായത് സ്വാർത്ഥത വെടിഞ്ഞ് എന്തുത്യാഗവും സഹിക്കുവാൻ തയ്യാറാകും. ക്രിസ്തുസ്നേഹം അവരിൽ നിറയും. അവർ പാപത്തെ വെറുക്കും. കൂട്ടുസഹോദരങ്ങളെ സ്നേഹിക്കും. ദ്രവ്യാഗ്രഹം, സ്വാർത്ഥത എന്നിവ ഇല്ലാതാകും. വചനോപദേശങ്ങൾക്കു കീഴടങ്ങും. സഭായോഗങ്ങൾ, വചനപഠനങ്ങൾ കുടുംബപ്രാർത്ഥന തുടങ്ങിയ കാര്യങ്ങൾക്കു മുൻഗണന നൽകും. സുവിശേഷം പ്രസംഗിക്കും. മറ്റുള്ളവരെ ക്രിസ്തുവിലേക്കു നയിക്കും. സുവിശേഷകന്മാർ ഭാരത്തോടെ സുവിശേഷവയലിൽ അധ്വാനിക്കും. അവർക്കു ചുമലുകൊടുക്കുന്നവർ ധാരാളമായി കൊടുക്കും. വിവിധ ആത്മീയ പ്രവർത്തനങ്ങൾ ദൈവവചനാനുസരണം പുരോഗമിക്കും. സഭ വളരും. ദൈവനാമം ജാതികളുടെ ഇടയിൽ മഹത്വപ്പെടും. അതിനാൽ ആത്മികമന്ദതയിൽ സ്ഥലകാലബോധമില്ലാതെ ഉറങ്ങുന്ന വിശ്വാസികളോട്, അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരുടെ ഇടയിൽ നിന്ന് ഉണർന്നു എഴുന്നേൽക്കുന്നു എങ്കിൽ ക്രിസ്തു അവരിൽ പ്രകാശിക്കുമെന്നു തിരുവെഴുത്തു ഉത്ബോധിപ്പിക്കുന്നു.

യഥാർത്ഥ ഉണർവിനായി പ്രാർത്ഥിക്കുവാൻ ആഹ്വാനം ചെയ്യുന്നതാണ് ഈ ലക്കത്തിലെ സന്ദേശം. നമ്മുടെ സഭകൾ ജീവൻ പ്രാപിച്ച് ലക്ഷ്യബോധം ഉള്ളതായിത്തീരട്ടെ. സുവിശേഷീകരണം എന്ന നമ്മുടെ പരമദൗത്യം ഏറ്റെടുത്ത് കർമ്മനിരതരാകുവാൻ നമുക്ക് കഴിയട്ടെ. അവസരങ്ങൾ ആർക്കായും കാത്തുനിൽക്കുകയില്ലല്ലോ. ആകയാൽ അന്ത്യകാലത്തിന്റെ അവസാന നിമിഷങ്ങളിൽ വന്നെത്തിയിരിക്കുന്ന നമ്മെ ഓരോരുത്തരെയും പരിശുദ്ധാത്മാവ് ഉണർത്തി ഒരുക്കുവാൻ സമർപ്പിക്കാം.

പുസ്തകം 12 ലക്കം 4
ഏപ്രിൽ 2023

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**ഉണർവ്വുണ്ടാകട്ടെ...** **4**
ജോയ് എം. തോമസ്

**ഇതു തന്നെയല്ലേ അന്ത്യകാലം...?** **7**
സാജു മാത്യു

**നാം സ്വയം സഹതാപം പ്രകടിപ്പിക്കുന്നവരോ...?** **9**
ജോർജ് മാത്യു, പുതുപ്പള്ളി

**ജീവനും വിശുദ്ധിയുമുള്ള ആരാധന** **11**
ചെയ്സ് ജോസഫ്

**ഹൃദയത്തിൽ ദൈവസ്നേഹം കത്തിജ്വലിച്ചാൽ...** **14**
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** **16**
അനു ഗ്രേസ് ചാക്കോ

**ഒരു തിരുത്തലും ആവശ്യമില്ലാത്തവരോ...?** **18**
ജോൺസൺ കടമ്പനാട്

**പ്രതിസന്ധികളെയും മറികടന്ന്...!** **21**
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** **23**

**വേദ അധ്യയനം** **25**
ജോയ് എം. തോമസ്

**വാർത്താ വീഥി** **30**

**ഉണർവും ആത്മതപനവും** **31**
എംസി

**സന്ദേശം**



**ജോയ് എം. തോമസ്**

# ഉണർവ്വുണ്ടാകട്ടെ...

**ഈ** സമീപകാലത്ത് അമേരിക്കയിൽ ഉണ്ടായ ഒരു ഉണർവിനെക്കുറിച്ച് നാം കേട്ടു കൊണ്ടിരിക്കുകയാണ്. അമേരിക്കയിൽ Kentucky യിലുള്ള Asbury University യിൽ ഫെബ്രുവരി എട്ടാം തീയതി ഏകദേശം 100 പേർ സംബന്ധിച്ച Chappel service സാധാരണ അവസാനിപ്പിക്കേണ്ട സമയത്ത് അവസാനിപ്പിക്കുവാൻ കഴിഞ്ഞില്ല. ആ ആരാധന nonstop ആയി തുടർന്നു. ഇത് കേട്ടറിഞ്ഞ ആളുകൾ അവിടേക്ക് പ്രവഹിച്ചു. ഇത് ഒരു ആത്മീയ ഉണർവിന്റെ അനുഭവം ജനങ്ങൾക്ക് നൽകി.

പാപബോധം ഉണ്ടായിട്ട് ജനങ്ങൾ മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് മടങ്ങി വരുന്നതാണ് യഥാർത്ഥ ഉണർവ്. തുടർന്ന് ദൈവഹിതത്തിനായി സമർപ്പിച്ച് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് ഈ ഉണർവ്വ് പ്രയോജനകരം ആകുന്നത്. ആത്മീകശുശ്രൂഷകർ ജനങ്ങളെ ദൈവവചനം പഠിപ്പിച്ച് നേർവഴിയിൽ നടത്തുവാൻ ഉത്സാഹിക്കേണ്ടതുണ്ട്.

Asburyയിലെ ഉണർവ്വ് നമുക്ക് സന്തോഷവും പ്രതീക്ഷയും നൽകുന്നതാണ്. ഇതുപോലെയുള്ള ഉണർവ്വ് നമ്മുടെ ബൈബിൾ സെമിനാരികളിലും സഭകളിലും ഉണ്ടാകേണ്ടതിനായി നമുക്ക് പ്രാർത്ഥിക്കാം 'മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംഷിക്കുന്നതുപോലെ എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംഷിക്കുന്നു' (സങ്കീർത്തനങ്ങൾ 42:1) എന്ന് കോരഹുപുത്രന്മാർ പാടിയത് പോലുള്ള ഒരു ആത്മീയദാഹം നമ്മുടെ ഉള്ളിൽ ഉണ്ടാകണം.

ആദ്യനൂറ്റാണ്ടിൽ അന്ത്യോക്യയിൽ ഉണ്ടായ ഉണർവ് നല്ല ഒരു ഉദാഹരണമാണ്. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തെ തുടർന്ന് വലിയ പീഡനം ആണ് യെരുശലേംസഭ നേരിട്ടത്. പ്രവർത്തികൾ എട്ടാം അധ്യായത്തിൽ നാം അത് കാണുന്നു. അതേത്തുടർന്ന് വിശ്വാസികൾ ചിതറിക്കപ്പെട്ടു. എന്നാൽ ചിതറിപ്പോയവർ മൗനമായിരുന്നില്ല. അവർ ചെന്ന സ്ഥലങ്ങളിലെല്ലാം സുവിശേഷം മറ്റുള്ളവരുമായി പങ്കുവച്ചു. അവരിലൂടെ കർത്താവ് പ്രവർത്തിച്ചതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വചനഭാഗം ഇവിടെ ഉദ്ധരിക്കുന്നു. 'സ്തെഫാനൊസ് നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവാൽ ചിതറിപ്പോയവർ യെഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ ഫൊയ്നീക്യ, കുപ്രൊസ്, അന്ത്യൊക്യ എന്നീ പ്രദേശങ്ങളോളം സഞ്ചരിച്ചു. അവരിൽ ചിലർ കുപ്രൊസ്കാരും കുറേനക്കാരും ആയിരുന്നു; അവർ അന്ത്യൊക്യയിൽ എത്തിയശേഷം യവനന്മാരോടും കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവിശേഷം അറിയി

ച്ചു. കർത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു; വലിയൊരു കൂട്ടം വിശ്വസിച്ചു കർത്താവിങ്കലേക്ക് തിരിഞ്ഞു. അവരെക്കുറിച്ചുള്ള ഈ വർത്തമാനം യെരുശലേമിലെ സഭയുടെ ചെവിയിൽ എത്തിയപ്പോൾ അവർ ബർന്നബാസിനെ അന്ത്യോക്യയോളം പറഞ്ഞയച്ചു. അവൻ ചെന്നു ദൈവകൃപ കണ്ടു സന്തോഷിച്ചു. എല്ലാവരും ഹൃദയനിർണയത്തോടെ കർത്താവിനോടു ചേർന്നു നില്പാൻ തക്കവണ്ണം പ്രബോധിപ്പിച്ചു (പ്രവർത്തികൾ 11 :19 - 23)

വിശ്വാസികൾ ചിതറിക്കപ്പെട്ടത് സുവിശേഷം കൂടുതൽ ആളുകൾ കേൾക്കുന്നതിനും കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിക്കുന്നതിനും കാരണമായി. സഭ, പീഡനത്തിൽ കൂടി കടന്നു പോകുവാൻ ദൈവം അനുവദിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്ക് കാരണമാകുവാൻ തന്നെ ആയിരുന്നു. സ്വസ്ഥരായിരുന്നും, ഭൗതികനന്മകൾ അനുഭവിച്ചും ആസ്വദിച്ചും കഴിയുന്നതാണ് സമാധാനമുള്ള ജീവിതമായി മിക്കവരും കരുതുന്നത്. എന്നാൽ കഴുകൻ കൂട് ഇളക്കി കുഞ്ഞുങ്ങളെ പറക്കുവാൻ ശീലിപ്പിക്കുന്നത് പോലെ ദൈവം ചെയ്യാറുണ്ട് എന്ന് വിശുദ്ധവചനം നമ്മെ ഓർമിപ്പിക്കുന്നു. യെരുശലേം സഭയ്ക്കു സംഭവിച്ചതും അതായിരുന്നു.

ചിതറിപ്പോയവരുടെ മുമ്പിലുണ്ടായിരുന്ന വെല്ലുവിളികളെ അതിജീവിച്ച് മുന്നേറുവാനുള്ള കൃപ ദൈവം അവരുടെ മേൽ പകർന്നു. കർത്താവ് അവരെ ഏൽപ്പിച്ച ദൗത്യത്തെക്കുറിച്ച് അവർബോധവാന്മാരായിരുന്നു. ചെന്നെടത്തെല്ലാം അവർ സുവിശേഷം പങ്കിട്ടുകൊണ്ടിരുന്നു. അവർ യഹൂദ പശ്ചാത്തലത്തിൽ നിന്നുള്ളവർ ആയിരുന്നതിനാൽ അതേ പശ്ചാത്തലത്തിൽ ഉള്ളവരോട് മാത്രമാണ് സുവിശേഷം അറിയിച്ചിരുന്നത്. എന്നാൽ അന്ത്യോക്യയിൽ എത്തിയവർ വിജാതീയരോടും സുവിശേഷം പങ്കിട്ടു. അത് അവിടെ ഒരു ആത്മിക ഉണർവിന് കാരണമായി. കർത്താവിന്റെ കരം അവരോടുകൂടെയിരുന്നു പ്രവർത്തിച്ചു. അനേകർ മാനസാന്തരപ്പെട്ട് കർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു.

അന്ത്യോക്യയിൽ ഉണ്ടായ ഉണർവിന്റെ വാർത്ത അപ്പോസ്തലന്മാർ കേട്ടപ്പോൾ അവിടെയുള്ള വിശ്വാസികൾക്ക് പഥ്യ ഉപദേശം നൽകി മാർഗ്ഗദർശനം നൽകുവാൻ ബർന്നബാസിനെ അയക്കുകയാണ് ചെയ്തത്. നല്ല മനുഷ്യനും, വിശ്വാസത്തിലും പരിശുദ്ധാത്മാവിലും നിറഞ്ഞവനുമായ ബർന്നബാസിന്റെ ശുശ്രൂഷ അന്ത്യോക്യ സഭയ്ക്ക് ഗുണകരമായി. അവിടെ ദൈവം അയച്ച ഉണർവ്വ് ഫലപ്രദമാകുവാൻ അത് മുഖാന്തരമായി. അന്ത്യോക്യയിൽ എത്തിയ ബർന്നബാസ് അധികം താമസിയാതെ പൗലോസിനെയും തർസോസിൽ നിന്നും അവിടേക്ക് കൂട്ടിക്കൊണ്ടുവന്നു. അവർ ഒരുമിച്ച് ഒരു വർഷത്തോളം അവിടെ ശുശ്രൂഷ നിവർത്തിച്ചു.

ബർന്നബാസ് അന്ത്യോക്യയിൽ എത്തിയപ്പോൾ ദൈവകൃപ കണ്ട് സന്തോഷിച്ചു എന്നാണ് വചനത്തിൽ നാം കാണുന്നത്. ജനം മാനസാന്തരപ്പെട്ട് ദൈവത്തിങ്കലേക്ക് തിരിയുന്നത് ദൈവം പകരുന്ന കൃപയാൽ ആണ്. അപ്രകാരമുള്ള ഉണർവ്വ് എവിടെ സംഭവിക്കുമ്പോഴും, അവിടെ പകരപ്പെടുന്ന ദൈവകൃപ നാം കാണുകയും സന്തോഷിക്കുകയും വേണം. അവർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുവാനും, വചനത്തിൽ ഉറപ്പിക്കുവാനും ആത്മീയനേതൃത്വം ശ്രദ്ധിക്കുകയും വേണം.

അന്ത്യോക്യാസഭയിൽ ബർന്നബാസിനെയും പൗലോസിനെയും കൂടാതെ നീഗർ എന്നു പേരുള്ള ശീമോൻ, ലൂക്യോസ്, മനായേൻ എന്നീ ആത്മിക ശുശ്രൂഷകരും ഉണ്ടായിരുന്നു (അപ്പോസ്തല പ്രവർത്തികൾ 13: 1 ). ഇവരെ ആത്മീയശുശ്രൂഷകരാക്കി വളർത്തിക്കൊണ്ടു വരുവാൻ കർത്താവ് ബർന്നബാസിനെയും പൗലോസിനെയും ഉപയോഗിച്ചു എന്നു കരുതാം. അന്ത്യോക്യ സഭയുടെ പരിപാലനം ഇവരെ ഭരമേൽപ്പിച്ചു, ബർന്നബാസും പൗലോസും അവരെ വിളിച്ച വേലയ്ക്കായി വേർതിരിയണം എന്നാണ് പരിശുദ്ധാത്മാവ് നിർദ്ദേശിച്ചത്. തുടർന്ന് അവർ യാത്ര ചെയ്ത് സുവിശേഷം പ്രസംഗിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്തു. ഓരോ സഭയ്ക്കും അതാതിടത്തു നിന്നുതന്നെ ശുശ്രൂഷയ്ക്കായി ആളുകളെ ഒരുക്കിയെടുത്തു, ആ സഭകൾക്ക് മൂപ്പന്മാരെ ആക്കിവെക്കുകയാണ് അവർ ചെയ്തത് (അപ്പോസ്തല പ്രവർത്തികൾ 14:23).

അന്ത്യോക്യയിലെ ഉണർവ്വ് വിജാതീയരുടെ ഇടയിലേക്കും ഏഷ്യമൈനർ, യൂറോപ്പ് തുടങ്ങി പൗലോസ് സഞ്ചരിച്ച എല്ലായിടത്തും സുവിശേഷം എത്തുവാനുള്ള തുടക്കം ആയിരുന്നു എന്നുപറഞ്ഞാൽ തെറ്റാവുകയില്ല. ഇന്ന് സംഭവിക്കുന്ന ഉണർവുകളും ഇപ്രകാരം സുവിശേഷം എത്തിയിട്ടില്ലാത്ത ഇടങ്ങളിൽ സുവിശേഷം വ്യാപി

ക്കുന്നതിനും സഭകൾ രൂപപ്പെടുന്നതിനും കാരണമാകണം. ആത്മീകനേതൃത്വം ഈ ദൗത്യം ഏറ്റെടുത്ത് ജനങ്ങളെ സുവിശേഷീകരണത്തിന്റെ ദർശനത്തിലേക്ക് വഴി നടത്തേണ്ടതുണ്ട്.

വിശ്വാസികളുടെ ശുദ്ധീകരണവും, ദൈവസ്നേഹത്തിന്റെ പകർച്ചയും, ജനങ്ങളുടെ മാനസാന്തരവും, സുവിശേഷം അറിയിക്കുവാനും ആത്മാക്കളെ നേടുവാനുമുള്ള ആത്മഭാരവും, എല്ലാം യഥാർത്ഥ ഉണർവ്വ് സംഭവിക്കുമ്പോൾ ഉരുത്തിരിയുന്ന ഫലങ്ങളാണ്.

ഇന്ത്യയുടെ ഉണർവിനായി നാളുകളായി നാം പ്രാർത്ഥിച്ചു വരികയാണല്ലോ. അവിടവിടങ്ങളിലായി ചെറിയ ഉണർവുകൾ സംഭവിക്കുന്നുണ്ട് എന്നത് വാസ്തവമാണ്. ഇന്ത്യയിലെ സുവിശേഷീകരണം ഇന്ന് വെല്ലുവിളികൾ നേരിടുകയാണ്. പലയിടങ്ങളിലും പീഡനം വർദ്ധിക്കുന്നു. ഏലിയാവിന്റെ പ്രാർത്ഥനയുടെ മറുപടിയായി കൈപ്പത്തിയോളം വലിപ്പമുള്ള മേഘം കണ്ടതുപോലെ ഇന്ത്യയുടെ ഉണർവിനുള്ള സമയമായി എന്ന് നമുക്കും വിശ്വസിക്കാം.

ഉണർവ്വ് ഉണ്ടായതുകൊണ്ട് അത് ഒരു ക്രിസ്തീയ രാജ്യമാകണം എന്ന് ആരും ചിന്തിക്കരുത്. നമ്മുടെ കർത്താവിന്റെ രാജ്യം ഐഹികമല്ല; ഇന്ന് അത് തികച്ചും ആത്മികമാണ്. എന്നാൽ കർത്താവ് മടങ്ങി വരുമ്പോൾ അവിടുന്ന് ഈ ഭൂമിയിൽ രാജാവായി വാഴും എന്നത് വചനത്തിന്റെ പ്രഖ്യാപിത സത്യമാണ്. കർത്താവിന്റെ വരവിനായി ഒരുങ്ങിക്കാത്തിരിക്കുക എന്നതാണ് ഇന്ന് നാം ചെയ്യേണ്ടത്. ക്രിസ്തീയരാജ്യത്തിന്റെ സ്വപ്നം നൽകി പിശാച് നമ്മെ വഴി തെറ്റിക്കുവാൻ ആരും അനുവദിക്കരുത്.

നമ്മുടെ ഭരണകർത്താക്കളെ ബഹുമാനിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യാം. ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയുവാൻ ദൈവം അവർക്കും അവസരം നൽകട്ടെ. സാഹോദര്യത്തിൽ അധിഷ്ഠിതമായ രാഷ്ട്രത്തെ പണിതുയർത്തുവാൻ നമ്മുടെ അധികാരികളെ ദൈവം സഹായിക്കട്ടെ. എല്ലാവരുടെയും നന്മയ്ക്കും സമാധാനത്തിനുമായി നമുക്ക് പ്രാർത്ഥിക്കാം. ഒരു ഉണർവിനെ വരവേൽപ്പാനുള്ള വിശ്വാസത്തോടെ ഉണർന്നു പ്രാർത്ഥിക്കുവാൻ ദൈവം നമുക്ക് കൃപ നൽകട്ടെ! •

# നാം എന്തു ചെയ്യണം...?

**ദൈ**വകൃപയാലും വിശ്വാസത്താലും ക്രിസ്തുവിനെ സ്വീകരിക്കുന്ന ഒരു വ്യക്തിക്ക് വീണ്ടുംജനനവും ആത്മികജീവനും ദൈവം നൽകിയിരിക്കുന്നു. ആ വ്യക്തി ആറ്റരികത്തു നട്ടിരിക്കുന്ന അവസ്ഥയിലാണ്. എവിടെനിന്നാണ് രക്ഷിക്കപ്പെട്ട ഒരു വ്യക്തിക്ക് ഈ ലോകത്ത് ജീവിക്കാൻ ആവശ്യമായ ആത്മീയ വെള്ളവും വളവും ലഭിക്കുന്നത്? അത് പരിശുദ്ധാത്മസഹായത്തൽ ദൈവവചനത്തിൽ നിന്നാണ് എന്നതിന് ഒരു സംശയവും വേണ്ട. ദൗർഭാഗ്യമെന്നു പറയട്ടെ, ഇന്ന് മറ്റു ജീവിത തിരക്കുകളോടൊപ്പം, അത്ഭുതങ്ങൾക്കും അടയാളങ്ങൾക്കും പുറകെ നടക്കുന്നതിനാൽ ദൈവവചനം പഠിക്കുന്നതിനോ ധ്യാനിക്കുന്നതിനോ ആർക്കും സമയമില്ല. അതുകൊണ്ട് തന്നിലെ പാപാവസ്ഥയെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ കണ്ട്, പരിഹരിച്ച് പോകാൻ കഴിയാതെ പോകുന്നു. അതിനാൽ ആത്മീയമായി മരിച്ചു കൊണ്ടിരിക്കുന്നവരാണ് ദൈവസഭയിലധികവും. അവർക്കു ഉണർവ് (revival) അനിവാര്യമാണ്. അല്ലെങ്കിൽ ഫലം കായ്ക്കാത്ത വൃക്ഷങ്ങളെന്ന പോലെ അവർ പരിണമിക്കും. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവവചനം പഠിച്ചനുസരിക്കാത്ത വ്യക്തികളിൽ പാപം പെരുകുന്നു. അത്തരക്കാർക്കു ഉണർവ് എന്നത് അത്യാവശ്യമാണ്. ഉണർത്തപ്പെട്ടവർ മറ്റുള്ളവരിലേക്ക് തങ്ങൾ അനുഭവിക്കുന്ന ഉണർവിന്റെ അനുഭവത്തെ ഏതു വിധേനയും പകർന്നു നൽകുവാൻ ഉത്സാഹിക്കണം. •



സാജു മാത്യു

# ഇതു തന്നെയല്ലേ അന്ത്യകാലം...?

***അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്ന് അറിയുക (2 തിമോഥെയോസ് 3:1)***

**അ**ടുക്കളയിൽ സാറാമോൾ വലിയൊരു ഉരുളക്കിഴങ്ങെടുത്ത് അമ്മയുടെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു: നോക്കൂ അമ്മേ, എത്ര വലിയ ഉരുളക്കിഴങ്ങ്! അമ്മ അതെടുത്ത് അതിന്റെ തൊലി ചുരണ്ടിക്കളഞ്ഞു: ''ങ്ഹാഹാ... കൊള്ളാമല്ലോ.... ഇതിന്റെ തൊലി ചുരണ്ടിയിട്ടും നിറംമാറ്റമില്ലല്ലോ...." കൊച്ചുസാറയ്ക്ക് വീണ്ടും അത്ഭുതം! അമ്മ ഉരുളക്കിഴങ്ങ് നടുവെ പിളർത്തി...." നോക്കൂ അമ്മെ, ഇതിന്റെ ഉള്ളിലും നിറവ്യത്യമില്ലല്ലോ..." സാറ വീണ്ടും പറഞ്ഞു. അമ്മ ഉരുളക്കിഴങ്ങ് ചെറുകഷണങ്ങളാക്കി... ഓരോ കഷണത്തിനും ഒരേ നിറം, ഒരേ മാർദ്ദവം....."അമ്മേ, ഈ ഉരുളക്കിഴങ്ങ് ഏതായാലും നമ്മുടെ വിശ്വാസികളെപ്പോലെയല്ല.... അവരുടെ പുറത്ത് ഒരു നിറം, തൊലിചുരണ്ടിയാൽ മറ്റൊരു നിറം... അകത്തേക്കുപോകും തോറും പലനിറം!"

ശരിയാണ്.... അകവും പുറവും ഒരുപോലെയുള്ള ക്രിസ്ത്യാനികളെ ഇന്നു കാണാനേയില്ല! പുറത്തൊരുവേഷം അകത്ത് വേഷമിറക്ക്... പൗലൊസ് പറയുന്നു: അന്ത്യകാലത്ത് ജനങ്ങൾ ''ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരായിരിക്കും" (2 തിമോഥെയോസ് 3: 5). അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്ന് അറിക" (2 തിമോഥെയോസ് 3:1) എന്നുപറഞ്ഞാണ് പൗലൊസ് ഈ അദ്ധ്യായം തുടങ്ങുന്നത് (അത് നമ്മുടെ കാലമല്ലാതെ മറ്റെന്താണ്?). അതിന്റെ ലക്ഷണങ്ങളായി പറയുന്നത് "മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പുപറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും, ദ്രോഹികളും, ധാർഷ്ഠ്യക്കാരും, നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി, ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവരുമായിരിക്കും..."

അന്ത്യകാലത്ത് എല്ലാത്തരം തിന്മകളും അധികരിക്കുന്നകാലം വരും എന്നു ചുരുക്കം. തിന്മ അധികരിക്കുന്നു എന്നതു മാത്രമല്ല അന്ത്യകാലത്തിന്റെ പ്രശ്നം – തിന്മ അംഗീകരിക്കപ്പെടുകയും ചെയ്യുന്നു എന്നുള്ളതാണ്! അടുത്ത ഫ്ളാറ്റിലെ കുഞ്ഞിന്റെ കരച്ചിൽ നമ്മിൽ അസഹിഷ്ണുത ഉളവാക്കുമ്പോൾത്തന്നെ അയലത്തെയും അകലത്തെയും തിന്മകളുടെ കാര്യത്തിലൊക്കെ നാം വളരെ ''സഹിഷ്ണുത'' (tolerance) ഉള്ളവരാണ്. സമൂഹത്തിലെ തിന്മകളെക്കുറിച്ചൊക്കെ നമുക്ക് ഒരു വേവലാതിയോ ആവലാധിയോ ഇല്ല. കുറച്ചു വർഷങ്ങൾക്കു മുമ്പുവരെ ഒരു രാഷ്ട്രീയക്കാരൻ കൈക്കൂലി വാങ്ങിച്ചാൽ, പണം സമ്പാദിച്ചാൽ, സ്വജനപക്ഷപാതം കാട്ടിയാൽ നാം അയാളെ ''കള്ളൻ'' എന്നു വിളിച്ചിരുന്നു.... അടുത്ത ഇലക്ഷനിൽ അയാൾക്കു വോട്ടു ചെയ്തിരുന്നില്ല. കള്ളത്തരം കാണിച്ചിട്ടും അയാൾ പൊതുവേദിയിൽ പ്രസംഗിക്കാനെത്തിയാൽ നാട്ടുകാർ അയാളെ കൂകിയിറക്കുമായിരുന്നു... എന്നാലിന്നോ? കൈക്കൂലി വാങ്ങുന്നവനെയും പണം സമ്പാദിക്കുന്നവനെയും നാം ''കള്ളൻ'' എന്നല്ല, ''മിടുക്കൻ'' എന്നാണു വിളിക്കുന്നത്. സ്വജനപക്ഷപാതിയായി

മക്കൾക്ക് രാഷ്ട്രീയ സിംഹാസനം സമ്പാദിച്ചു കൊടുക്കുന്നവനെപ്പറ്റി ബഹുമാനത്തോടെ നാം പറയുന്നത് 'അദ്ദേഹത്തെ അങ്ങനെ മണ്ടൻ കളിക്കാനൊന്നും കിട്ടില്ല.... ബുദ്ധിമാനാണദ്ദേഹം'! മാഫിയാത്തലവന്മാരുടെ കൂട്ടുപിടിക്കുന്ന രാഷ്ട്രീയ നേതാക്കളെപ്പറ്റി നാം പറയുന്നത് 'ആരെയും പിണക്കാത്തവൻ - പ്രായോഗിക ബുദ്ധിയുള്ള ആൾ!'

തിന്മയോട് നാം ഇത്രയേറെ സഹിഷ്ണുത കാണിക്കാനുള്ള കാരണമെന്താണ്? ഒന്നാമത് തിന്മ അധികരിച്ചുകയറിയിട്ട് ഇപ്പോൾ അത് 'സാമാന്യം' (common) എന്ന നിലയിലായിരിക്കുന്നു. രണ്ടാമത് ഈ സാമൂഹ്യതിന്മകളിലൊക്കെ അറിഞ്ഞും അറിയാതെയും നാമും ഭാഗഭാക്കുകളാണ്! അന്ത്യകാലത്തെ മനുഷ്യരുടെ അതിക്രമങ്ങളെപ്പറ്റി (lawlessness) പൗലൊസ് പറയുന്നത് ഇക്കാലത്ത് എത്ര പ്രസക്തമാണെന്നു നോക്കുക:

**1. മനുഷ്യർ സ്വസ്നേഹികൾ** (Lovers of self) ആയിരിക്കും. സ്വയത്തെ സ്നേഹിക്കുന്നതിൽ ഈ തലമുറയെ വെല്ലുവാൻ ഒരു തലമുറ ലോകത്തിലിന്നുവരെയുണ്ടായിട്ടില്ല. മഹാകവി കുഞ്ഞുണ്ണി മാഷിന്റെ ഒരു കുഞ്ഞുകവിത ശ്രദ്ധിക്കൂ: "എനിക്കെന്നെയാണേറ്റവുമിഷ്ടം.... അതുകഴിഞ്ഞിട്ടോ? അതിന്, അതുകഴിയുന്നേയില്ലല്ലോ..." അതെ, മനുഷ്യന് അവനോടുള്ള സ്നേഹം കഴിയുന്നേയില്ല. പിന്നെയെങ്ങനെ മറ്റൊരാളെ സ്നേഹിക്കാൻ പറ്റും?

**2. ദ്രവ്യാഗ്രഹികൾ** (Lovers of money)

അടുത്തകാലം വരെ 'പണത്തിനു കഴിയാത്ത കാര്യങ്ങൾ' എന്നൊരു സങ്കൽപം നമുക്കുണ്ടായിരുന്നു. എന്നാലിന്ന് 'എല്ലാത്തിനും മുകളിൽ പണം' എന്ന ചിന്തയാണെല്ലാവർക്കും. "പണത്തിനുമുകളിൽ പരുന്തും പറക്കില്ല" എന്നത് ഇന്നു പഴഞ്ചൊല്ലല്ല; പുതുചൊല്ലാണ്! പണമില്ലാത്തവൻ ഇന്ന് പിണം പോലെതന്നെ... കോർപ്പറേറ്റുകൾ മുതൽ കുടുംബബന്ധം വരെ ഇന്ന് ലാഭക്കൊതിയുടെ അടിസ്ഥാനത്തിലാണ് പണിയുന്നത്!

**3. വമ്പു പറയുന്നവർ** (Boasters)

തങ്ങളുടെ കുറവുകളെ വെളിപ്പെടുത്തുന്നവരെ ബഹുമാനിക്കുന്ന, അവരുടെ ആത്മാർത്ഥതയെ അംഗീകരിക്കുന്ന ഒരു രീതി പണ്ടൊക്കെയുണ്ടായിരുന്നു. ഇന്ന് അഹങ്കാരം പറയുന്നവരെയാണ് ആളുകൾ അംഗീകരിക്കുന്നത്. ഒരു കമ്പനിക്ക് നമ്മളൊരു C.V. കൊടുത്താലും അതിൽ നമുക്കുള്ള കഴിവുകളെപ്പറ്റി അഹങ്കാരം പറയാനാണ് കമ്പനിക്കാരനും ആവശ്യപ്പെടുന്നത്. അഹങ്കാരികളോടും അഹങ്കാരം പറയുന്നവരോടും നമുക്കിന്ന് അവജ്ഞയില്ല...അയാളെ നോക്കി നാം പറയുന്നു: 'കൊള്ളാം. നല്ല കോൺഫിഡൻസ് (ആത്മവിശ്വാസം) ഉള്ള വ്യക്തി!'

**4. അഹങ്കാരികൾ** (proud):

വമ്പുപറയുന്നവരും അഹങ്കാരികളും തമ്മിൽ പ്രധാനമായും ഒരു വ്യത്യാസമാണുള്ളത്: വമ്പു പറയുന്നവൻ അവനു കഴിയാത്ത കാര്യങ്ങൾപോലും കഴിയുമെന്നു പറയുന്നു. അതിനവനു കഴിയുമോ എന്ന് അവനുതന്നെ ഉറപ്പില്ല. എന്നാൽ അഹങ്കാരി വമ്പുപറയുകയല്ല... അവന്റെ ചിന്ത അവനതിനു കഴിയും എന്നാണ്. വമ്പു പറയുന്നവൻ മറ്റുള്ളവനെ വഞ്ചിക്കാൻ നോക്കുന്നു; അഹങ്കാരി തന്നെത്തന്നെ വഞ്ചിക്കുന്നു.

**5. ദൂഷകന്മാർ** (slanderers):

സഹോദരന്മാരെപ്പറ്റി ദൂഷണം പറയുന്നവർ... നമ്മുടേത് ഒരു മത്സരസമൂഹമാണ് (competitive society). എന്താണ് ഒരു കോമ്പറ്റിറ്റിവ് സൊസൈറ്റിയുടെ പ്രശ്നം? കോമ്പറ്റിറ്റിവ് സമൂഹത്തിൽ ഞാൻ എന്റെ നില മെച്ചപ്പെടുത്തിയാൽ (excel) മാത്രം പോരാ; എന്റെ സഹജീവി എന്നെക്കാൾ താഴെയായിരിക്കുകയും വേണം. എന്നാലേ എനിക്ക് ഒന്നാമനാവാൻ പറ്റൂ... അതിനാൽ മത്സരസമൂഹത്തിൽ എന്റെ തല ഉയരുകമാത്രം പോരാ, എന്റെ സഹജീവിയുടെ തല ഇടിച്ചു താഴ്ത്തുകയും വേണം! അതിനു ഞാൻ എന്റെ സഹോദരന്റെ ദൂഷകനായേ പറ്റൂ.....

**6. അമ്മയപ്പന്മാരെ അനുസരിക്കാത്തവർ** (disobedient to parents):

ഈ തലമുറയ്ക്ക് അമ്മയപ്പന്മാരെ ഏതാണ്ടു പുച്ഛമാണ്. കമ്പ്യൂട്ടർ ഇല്ലിറ്ററേറ്റ് ആയ അപ്പനുമപ്പയും പറയുന്നതനുസരിക്കാൻ കമ്പ്യൂട്ടറിനെ കെട്ടിപ്പിടിച്ചു കിടന്നുറങ്ങുന്ന പിള്ളാർക്കു മനസ്സില്ല. പഠിക്കുന്ന കാലംവരെയൊക്കെ നിസ്സഹായത കൊണ്ട് മക്കൾ മിണ്ടാതിരിക്കും. ജോലി കിട്ടി, കുടുംബവുമായാൽ പിന്നെ മാതാപിതാക്കളെ പല മക്കളും കാണുന്നത് ഒരു അനാവശ്യ ഭാരമായാണ്. പലരും അതു പറയുകയും ചിലരൊക്കെ ഈ ഭാരമുള്ള കല്ല്, അനാഥശാലയുടെ തോട്ടിലേക്ക് വലിച്ചെറിയുകയും ചെയ്യുന്നു!

**7. നന്ദികെട്ടവർ** (Unthankful):

വേദപുസ്തകത്തിലെ ഏറ്റവും നന്ദികെട്ട വർഗ്ഗ

ശേഷം പേജ് 28▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# നാം സ്വയം സഹതാപം പ്രകടിപ്പിക്കുന്നവരോ...?

നമുക്കു നമ്മോടു തന്നെയുള്ള സഹതാപത്തെയാണ് സ്വയാനുകമ്പ എന്നു പറയുന്നത്. സ്നേഹത്തിനെതിരെയുള്ള പാപങ്ങളിലൊന്നാണ് സ്വയാനുകമ്പ. മറ്റുള്ളവരോടു സഹതാപം കാട്ടുന്നത് സ്നേഹത്തിന്റെ ലക്ഷണമാണ്. എന്നാൽ നമ്മോടുതന്നെ നാം സഹതാപം കാട്ടുമ്പോൾ നാം നമ്മെത്തന്നെയാണ് സ്നേഹിക്കുക. സ്നേഹം അപ്പോൾ തെറ്റായ പാതയിലൂടെയാവാം സഞ്ചരിക്കുക. അതായത് എനിക്ക് ഈ അവസ്ഥ വന്നല്ലോ, ഞാൻ ഗതികേടിലായിപ്പോയല്ലോ, എന്നിങ്ങനെ സ്വയം പരിതപിക്കുന്ന സ്ഥിതിവിശേഷം.

'ഞാൻ' എന്ന ഭാവത്തിന്റെ ഫലമായുണ്ടാകുന്ന മനോരോഗങ്ങളിൽ ഒന്നാണ് സ്വയാനുകമ്പ. ദൈവാശ്രയമില്ലയ്മയും ആത്മധൈര്യത്തിന്റെ അഭാവവും ഒക്കെയാവാം ഇതിന്റെ കാരണം. അഹന്തയുള്ളവരിലാണ് ഈ പാപം ഒളിഞ്ഞുകിടക്കുന്നത്. സ്വയത്തെ നാം താലോലിച്ചു വളർത്തുന്നതോടൊപ്പം ഈ പാപത്തെയും വളർത്തിയെടുക്കുന്നു. നമ്മിൽ പുതുമനുഷ്യൻ രൂപം പ്രാപിക്കണമെങ്കിൽ ക്രിസ്തു നമ്മുടെയുള്ളിൽ വസിക്കുവാൻ ഹൃദയകവാടം നാം തനിക്കായി തുറന്നു കൊടുക്കുകയും, നമ്മെ അടക്കിവാഴുന്ന ഈ പാപപ്രകൃതത്തെ മരിപ്പിക്കുക അഥവാ വേരോടെ പിഴുതു കളയുകയും ചെയ്യണം.

നമ്മെ ശുദ്ധീകരിക്കുവാനായി ചെറിയ ശിക്ഷകളിലൂടെ ദൈവം കടത്തിവിടാറുണ്ട്. ഇതിന്റെ ഉദ്ദേശ്യം നമ്മെ ആത്മിക പക്വതയിലേയ്ക്ക് പണിതുയർത്തുന്നതിനാണ്. ആ സന്ദർഭത്തിലാണ് ഈ പാപം പ്രധാനമായും പ്രകടമാകുക. ഈ അവസരത്തിൽ നമുക്കു നമ്മോടുതന്നെ സഹതാപം ഉണ്ടാകുന്നു. ഇത് അപകടകാരിയാണ്. എന്നാൽ ഇതൊരു പാപമായി നാം കണക്കാക്കുന്നില്ല. നമ്മിലുള്ള 'പഴയമനുഷ്യനെ' ശക്തീകരിക്കുവാനാണ് സ്വയാനുകമ്പ ഉതകുന്നതെന്നു നാം മനസിലാക്കുന്നില്ല. സാത്താന്റെ പിടിയിലമർന്നുപോകുവാൻ ഇതു സഹായിക്കുകയും, പാപത്തിനെതിരായ പോരാട്ടത്തിൽ വിജയത്തിനുള്ള സാദ്ധ്യതയെ ഇത് ഇല്ലാതാക്കുകയും ചെയ്യുന്നു.

നാം പാപികളാണെന്നും ദൈവികശിക്ഷണത്തിനു വിധേയരാകാൻ സർവഥാ അർഹരാണെന്നും സമ്മതിച്ചു കൊടുക്കുന്നതിനുള്ള മടിയാണ് സ്വയാനുകമ്പയുടെ അടിസ്ഥാനം. നമ്മുടെ തെറ്റുകളെയും പാപങ്ങളെയും പറ്റി നമുക്കു ആഴമായി ബോദ്ധ്യമുണ്ടെങ്കിൽ ദൈവം അവയുടെ മേൽ ബാലശിക്ഷ അയയ്ക്കുമ്പോൾ അല്പം വേദനയനുഭവിക്കേണ്ടി വന്നാലും നാം കൃതജ്ഞതയുള്ളവരായിരിക്കും. നമ്മോടുതന്നെ സഹതപിക്കുകയും മറ്റുള്ളവരോട് ആവലാതി പറയുകയും ചെയ്യാതെ ദൈവം നൽകിയ ഈ ശുദ്ധീകരണപ്രക്രിയയിൽ സന്തോഷിക്കുകയും ദൈവത്തെ സ്തുതിക്കുകയും ചെയ്യും. താൽക്കാലികമായി ഉണ്ടാകുന്ന ഈ ക്ളേശങ്ങളെ കേവലം നിസാരങ്ങളായി മാത്രമേ കണക്കാക്കുകയുള്ളൂ. ഈ മനോഭാവം നമ്മിൽ ശക്തമായിരിക്കുമ്പോൾ അതിന്റെ മറുവശത്തെന്നോണം സ്വയാനുകമ്പ നമ്മിൽ നിന്നും ഉരിഞ്ഞു പോവുകയാണ്.

തങ്ങളോടുതന്നെ സ്വയം സഹതപിക്കുന്നവർ പാപത്തോടു ശരിയായ മനോഭാവം ഉള്ളവരായിരിക്കുകയില്ല. പാപം സമ്മതിച്ച് ഏറ്റുപറയുന്നതിൽ അവർ വിമുഖത കാട്ടുന്നവരായിരിക്കും. വിഷമതകളിൽ അകപ്പെടുപ്പോൾ അവർ സ്വയം കുറ്റപ്പെടുത്താതെ ദൈവത്തെ കുറ്റപ്പെടുത്താൻ ശ്രമിക്കും. ദൈവത്തിനും തങ്ങൾക്കും ഇടയിൽ അവർ പ്രതിബന്ധം സൃഷ്ടിക്കുവാൻ മുതിരും. തങ്ങളുടെമേൽ ദൈവകോപം വിളിച്ചുവരുത്തുകയും സ്വർഗീയമഹിമ നഷ്ടമാക്കുകയും ചെയ്യും. 'ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല' (എബ്രായർ 12:14) എന്ന ദൈവവചനം അനുസരിച്ചു പ്രവർത്തിക്കുന്നതിന് സ്വയാനുകമ്പയുള്ളവർ ഒരിക്കലും തയാറാവുകയില്ല.

ശുദ്ധീകരണം പ്രാപിക്കുന്നതിനും, യേശുവിനെ കാണുന്നതിനുമുള്ള തീവ്രമായ ആഗ്രഹം അവരിൽ ആളിക്കത്തുന്നില്ല. സ്വന്തം 'അഹ'ത്തെയത്രേ അവർ പരിപോഷിപ്പിക്കുന്നത്. ശുദ്ധീകരണത്തിന്റെ ഭാഗമായി ദൈവം അവരെ ബാലശിക്ഷകളിലൂടെ നടത്തുമ്പോൾ അവർ പരാതിപ്പെടുകയാണ്. 'നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിനു' ഈ ബാലശിക്ഷ സഹായകമായിത്തീരുമെന്നു കാണാൻ അവർക്കു കഴിയുന്നില്ല (എബ്രായർ 12: 10). അവർ പിറുപിറുക്കുകയും ആവലാതി പറയുകയും സ്വയം സഹതപിക്കുകയും ചെയ്യുന്ന സമയമെല്ലാം സാത്താൻ അവരെ

**നമ്മുടെ തെറ്റുകളെയും പാപങ്ങളെയും പറ്റി നമുക്കു ആഴമായി ബോദ്ധ്യമുണ്ടെങ്കിൽ ദൈവം അവയുടെ മേൽ ബാലശിക്ഷ അയയ്ക്കുമ്പോൾ അല്പം വേദനയനുഭവിക്കേണ്ടി വന്നാലും നാം കൃതജ്ഞത ഉള്ളവരായിരിക്കും**

നോക്കി പരിഹസിച്ചു ചിരിക്കുന്ന കാര്യം അവർ മനസിലാക്കുന്നില്ല. അവരുടെ 'അഹ'മെന്ന വിഗ്രഹത്തിന് അവർ അടിമകളായിക്കഴിഞ്ഞു. മറ്റു പല പാപങ്ങളിലേക്കും അവരെ നയിക്കാൻ സഹായിക്കുന്ന ചൂണ്ടുപലകയാണ് സ്വയാനുകമ്പ എന്ന പാപമെന്ന് പിശാചിനു നല്ലവണ്ണം അറിയാം.

സ്വയാനുകമ്പ തിരുവെഴുത്തുകൾക്കു വിരോധമായി പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. നാം നമ്മെത്തന്നെ വിധിക്കണമെന്ന് വചനം നിർദ്ദേശിക്കുന്നു. ദൈവികശിക്ഷണത്തിനു വിധേയരാകുമ്പോൾ നാം നമ്മെത്തന്നെ കർശനമായി വിധിക്കണം. വിശുദ്ധ പൗലൊസ് ഇങ്ങനെ എഴുതുന്നു 'നാം നമ്മെത്തന്നെ വിധിച്ചാൽ വിധിക്കപ്പെടുകയില്ല. വിധിക്കപ്പെടുന്നു എങ്കിലോ നാം ലോകത്തോടുകൂടെ വിധിക്കപ്പെടാതിരിക്കേണ്ടതിനു കർത്താവ് നമ്മെ ബാലശിക്ഷ കഴിക്കുകയാകുന്നു' (1 കൊരി 11 : 31, 32).

നമ്മിലുള്ള 'പഴയമനുഷ്യനെ'തിരായി സുദൃഢമായ ഒരു നിലപാട് എടുക്കുവാനും, 'പഴയമനുഷ്യനെ' അവന്റെ പാപങ്ങൾക്കൊപ്പം കുറ്റം വിധിക്കുവാനുമാണ് ദൈവവചനം നമ്മെ ആഹ്വാനം ചെയ്യുന്നത്. ദൈവം ഒരുനാളിൽ നമ്മെ കുറ്റം വിധിക്കാൻ ഇടയാകാതിരിക്കാനാണ് ഇപ്പോൾത്തന്നെ നാം പാപപ്രകൃതമുള്ള നമ്മിലെ പഴയമനുഷ്യനെ ഉരിഞ്ഞു കളയുവാൻ ആവശ്യപ്പെടുന്നത്. 'ജീവനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നത് ഭയങ്കരം' (എബ്രായർ 10: 31) എന്നു ദൈവവചനം പ്രഖ്യാപിക്കുന്നു. ന്യായാധിപതിയായ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ്. ആകയാൽ നമ്മുടെ സ്വയാനുകമ്പയെ നമുക്കു നിഷ്കരുണം ഉന്മൂലനം ചെയ്യാം. ദൈവത്തിന്റെ കഠിനമായ ശിക്ഷാവിധി നിത്യതയിൽ നമ്മുടെ

ശേഷം പേജ് 13 ▶



ചെയ്സ് ജോസഫ്

# ജീവനും വിശുദ്ധിയുമുള്ള ആരാധന

**ക**ഴിഞ്ഞ ലക്കത്തിൽ നാം പഠിച്ച ആത്മീകാരാധന ആണ് ക്രിസ്തീയ വിശ്വാസത്തെ മറ്റെല്ലാ വിശ്വാസങ്ങളിൽ നിന്നും വ്യത്യസ്തമാക്കുന്ന സുപ്രധാന ഘടകം. ദൈവത്തെ അന്വേഷിച്ച് എങ്ങും പോകാതെ, ദൈവത്തെ അന്വേഷിക്കുന്നതിന് അല്ലെങ്കിൽ പ്രസാദിപ്പിക്കുന്നതിനു യാതൊരു കർമ്മങ്ങളും ആവശ്യമില്ലാതെ, നമുക്ക് ഏതുസമയവും ദൈവത്തിന്റെ സന്നിധിയിൽ കടന്നു ചെല്ലാൻ കഴിയുന്ന ആത്മീക ആരാധന. ഇത് നമ്മെ മതപരമായ ആചാരങ്ങളിൽ നിന്നും സ്വതന്ത്രർ ആക്കുന്നു. മനുഷ്യർക്കു സ്ഥല ബന്ധിതമായ, ആചാര ബദ്ധമായ ആരാധനാരീതികൾ ഇഷ്ടമാണ്. അത് മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന മതാസക്തിയുടെ ഭാഗമാണ്.

ഒരു മനുഷ്യന് അല്ലെങ്കിൽ സമൂഹത്തിനു രാഷ്ട്രപരമായ, നിയമപരമായ സ്വാതന്ത്ര്യങ്ങൾ എളുപ്പമാണ്. എന്നാൽ ഏറ്റവും പ്രയാസം മതത്തിൽ നിന്നും ആരാധനാവ്യവസ്ഥകളിൽ നിന്നുമുള്ള സ്വാതന്ത്ര്യമാണ്. അത് മനുഷ്യനെ ആന്തരികമായി ഭയപ്പെടുത്തുന്നു. ആചാരങ്ങളും ഇടനിലക്കാരും നിറഞ്ഞ ആരാധനാരീതികൾ മനുഷ്യന് വലിയ ഒരു ആശ്വാസമാണ്. നമുക്ക് നമ്മുടെ കാര്യങ്ങൾ നോക്കാം. ആത്മീകകാര്യങ്ങൾ അതിനായി നിയോഗിക്കപ്പെടുന്ന ആളുകൾ നോക്കിക്കൊള്ളും. ദൈവത്തെ നേരിട്ട് അഭിമുഖീകരിക്കേണ്ട കാര്യമില്ല. ഇതാണ് മതം നൽകുന്ന ആശ്വാസം. എന്നാൽ ക്രിസ്തീയവിശ്വാസത്തിൽ ആചാരപരമായ മതമോ നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കാൻ സഹായിക്കുന്ന ആളുകളോ ഇല്ല. വിശ്വസിക്കുന്നവർ എല്ലാവരും ദൈവത്തെ അബ്ബാ എന്ന് വിളിക്കാൻ കഴിയുന്ന, ഏതുസമയത്തും അടുത്ത് ചെല്ലാൻ കഴിയുന്ന മക്കൾ ആണ്. അവർക്കു എന്തിനാണ് കാര്യം സാധിക്കാൻ ഔപചാരികതകളുടെ ഒരു മതവ്യവസ്ഥ?

**എന്നാൽ ക്രിസ്തീയവിശ്വാസത്തിൽ ആചാരപരമായ മതമോ നമ്മെ ദൈവത്തോട് കൂടുതൽ അടുപ്പിക്കാൻ സഹായിക്കുന്ന ആളുകളോ ഇല്ല.**

നാം മനസ്സിലാക്കേണ്ട ഒരു കാര്യം ക്രിസ്തീയവിശ്വാസത്തിനു ലോകം മുഴുവൻ എതിരാണ് എന്ന് നമുക്ക് തോന്നാമെങ്കിലും, ഏറ്റവും വലിയ ശത്രു മതം തന്നെ ആണ്. ക്രിസ്തുവിനെ ക്രൂശിക്ക എന്ന് ആർത്തു വിളിച്ചതും ഇന്നും ക്രിസ്തുവിനെ നമ്മിൽ നിന്ന് അകറ്റി നിർത്തുന്നതും വിവിധ രൂപങ്ങളിൽ ഉരുത്തിരിഞ്ഞു വന്നിട്ടുള്ള മതവ്യവസ്ഥകൾ ആണ്. മതത്തിൽ മയങ്ങിയവരെ അതായതു മതത്തിന്റെ ലഹരി പിടിച്ചവരെ ഏറ്റവും അസ്വസ്ഥരാക്കുന്നതു ഈ വ്യവസ്ഥകളിൽ നിന്നുള്ള സ്വാതന്ത്ര്യമാണ്.

എല്ലാവർക്കും നേരിട്ട് പിതാവിന്റെ അടുത്തു ചെല്ലാമെങ്കിൽ പിന്നെ നമുക്ക് എന്താണ് പണി എന്ന് പുരോഹിതവൃന്ദം ചോദിക്കും. അത് അവരുടെ അസ്തിത്വത്തിനു അഥവാ നിലനിൽപിന് തന്നെ ഭീഷണി ആണ്.

എങ്ങനെയാണ് പ്രായോഗികമായി ആത്മീക ആരാധന നടക്കുന്നത് എന്ന് പൗലോസ് തുടർന്നുള്ള വാക്യങ്ങളിൽ പറയുന്നു. നാം ദൈവത്തിനു വേണ്ടി പ്രവർത്തിക്കുകയല്ല, പ്രത്യുത, ദൈവം നമ്മിലൂടെ പ്രവർത്തിക്കുക എന്നതാണ് ഈ സ്വാതന്ത്ര്യത്തിന്റെ ഒന്നാമത്തെ ഭാഗം. എല്ലാവർക്കും ദൈവം നൽകിയത് അനുസരിച്ചു ശുശ്രൂഷിച്ചാൽ മതി. അതിനും മീതെ ആരും ഭാവിക്കേണ്ട കാര്യം ഇല്ല. ഓരോ ശുശ്രൂഷകളും മനുഷ്യരുടെ മെറിറ്റ് കൊണ്ടോ, ശക്തി കൊണ്ടോ, പ്രത്യേകമായി എന്തെങ്കിലും ചെയ്യുന്നതു കൊണ്ടോ അല്ല, പിന്നെയോ ദൈവം നൽകുന്ന കൃപാവരങ്ങളെ അനുസരിച്ചാണ്. ഓരോരുത്തരും ദൈവം അവരവർക്കു നൽകുന്ന കൃപാവരങ്ങൾ അനുസരിച്ചു മാത്രം പ്രവർത്തിച്ചാൽ മതി. ആ കൃപാവരങ്ങളുടെ മുകളിൽ ഒരു അധികാരവും ഉള്ളതായി അവർ ഭാവിക്കേണ്ട. ഒരു ഉദാഹരണം പറയാം. ഒരാൾക്ക് വചനം ഉപദേശിക്കാനുള്ള കൃപാവരം ഉണ്ട് എന്ന് ഇരിക്കട്ടെ. അത് ദൈവം നല്കുന്നതാണ്. അത് ആ സമർപ്പണത്തോടെ, ആരാധനയോടെ ചെയ്യുക. അതിൽ കൂടുതൽ ആത്മീക അധികാരങ്ങൾ അയാൾ ഭാവിക്കേണ്ടതില്ല. മറ്റൊരാൾ പ്രവചിക്കുന്ന ആൾ ആണെന്ന് കരുതുക. അയാൾ പ്രവചനമായി പറയുന്ന കാര്യങ്ങൾ വിവേചിക്കപ്പെടട്ടെ. അത് ഉചിതമെങ്കിൽ വിശ്വസിക്കപ്പെടട്ടെ. അതല്ലാതെ അയാൾക്ക് ആത്മിക അധികാരങ്ങൾ ഒന്നുമില്ല. ഇടയശുശ്രൂഷാവരം ഉള്ളവർ ആടുകളെ പരിപാലിച്ചാൽ മതി. ഓരോരുത്തർക്കും ദൈവം ഏൽപ്പിക്കുന്ന ശുശ്രൂഷകൾ മാത്രം ചെയ്യുമ്പോൾ സഭയാം ശരീരം ദൈവത്തിന്റെ ആത്മാവിനാൽ അണിയിക്കപ്പെടുന്നു

എന്നാൽ ഇന്ന് ഏതെങ്കിലും ഒരു കൃപാവരം ഉള്ളവർ എല്ലാ അധികാരവും എടുക്കുകയും മറ്റുള്ളവരെ നിയന്ത്രിക്കാൻ ശ്രമിക്കുകയും, മറ്റുള്ളവരെക്കാളും തങ്ങൾക്കു എന്തോ ഒരു പുതിയ പ്രവേശനം പിതാവിന്റെ സന്നിധിയിൽ ഉണ്ടെന്നും അവർ പ്രാർത്ഥിച്ചാൽ ദൈവം തീർച്ചയായുംകേൾക്കും എന്നും ഒക്കെ ഭാവിക്കുന്നു. ഈ സങ്കൽപം ഒരർത്ഥത്തിൽ ക്രിസ്തുനിഷേധം ആണ്. കാരണം ക്രിസ്തു എന്ന മധ്യസ്ഥൻ എല്ലാവർക്കും ഒരു പോലെ ആണ്. ഒരേ പ്രവേശനമാണ് എല്ലാ വിശ്വാസിക്കും പിതാവിങ്കലേക്കു ലഭിക്കുന്നത്. അവരുടെ പ്രാർത്ഥനയ്ക്കും ഒരേ അധികാരവും അവകാശവും ആണ് ഉള്ളത്. കാരണം നമുക്ക് ഒരു മധ്യസ്ഥൻ മാത്രമേ ഉള്ളു. മതം പുന:സ്ഥാപിക്കപ്പെടുന്നത് പ്രത്യേക അവകാശങ്ങൾ ഉണ്ടെന്നു വാദിക്കുന്ന ഇടനിലക്കാരായ ദൈവമനുഷ്യർ എന്ന് ഭാവിക്കുന്ന ആളുകളിലൂടെയാണ്. അവർ ക്രിസ്തുവിൽ ഉള്ള സ്വാതന്ത്ര്യത്തെ എടുത്തു കളയുകയാണ് ചെയ്യുന്നത്. പക്ഷെ ആളുകൾ അത് ഇഷ്ടപ്പെടുന്നു. കാരണം മതം അവർക്കു ദൈവത്തിൽ നിന്ന് രക്ഷപെടാനുള്ള ഒരു വഴി ആണ്. ഈ ദു:ഖകരമായ ലോകത്തിൽ അനർത്ഥങ്ങൾ ഒന്നും സംഭവിക്കാതെ കാക്കപ്പെടണം എന്ന് എല്ലാവരും ആഗ്രഹിക്കുന്നു, എന്നാൽ ദൈവത്തിന്റെ പുത്രത്വം അടങ്ങിയ ദാനങ്ങളിൽ താല്പര്യവുമില്ല. അങ്ങനെയുള്ളവർക്കു മതം ഒരു നല്ല ഊടുവഴി ആണ്.

**ഓരോരുത്തർക്കും ദൈവം ഏൽപ്പിക്കുന്ന ശുശ്രൂഷകൾ മാത്രം ചെയ്യുമ്പോൾ സഭയാം ശരീരം ദൈവത്തിന്റെ ആത്മാവിനാൽ അണിയിക്കപ്പെടുന്നു**

എന്നാൽ നാം കർത്താവിന്റെ ശരീരത്തിലെ ഒരു ആത്മിക അവയവമായി മാറുന്നു എന്ന് ചിന്തിച്ചു നോക്കുക, നാം മറ്റുള്ള ദൈവമക്കളാൽ ശുശ്രൂഷിക്കപ്പെടുന്നത് പോലെ നാമും നമുക്ക് കിട്ടിയ കൃപാവരങ്ങൾ വച്ച് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നു, എല്ലാവരും യേശുക്രിസ്തുവിന്റെ അഭിഷേകം ഉള്ളവരും മക്കളും ആയിരിക്കുന്നു. ഇത് വലിയ ഒരു ആത്മീക സ്വാതന്ത്ര്യം ആണ്. ഈ ജീവിതം ക്രിസ്തുകേന്ദ്രീകൃതമായ ഒരു വ്യവസ്ഥ ആണ്. കർമ്മങ്ങൾ അല്ല രൂപാന്തരം ആണ് ദൈവത്തെ പ്രസാദിപ്പിക്കുന്നത്. അത് തികച്ചും ആത്മികം ആണ്, കാരണം ദൈവത്തിനു ക്രിസ്തുവിൽ കുറഞ്ഞ ഒന്നിലും പ്രസാദിക്കാൻ കഴിയില്ല. അതുകൊണ്ടു തന്നെ ക്രിസ്തുവിനെ നമുക്ക് ലഭിച്ചിരിക്കുന്നു എന്നതാണ് ഏറ്റവും വലിയ സുവാർത്ത.

എങ്ങനെയാണു നാം കൃപാവരങ്ങൾ ഉപയോഗിക്കേണ്ടത്? പൗലോസ് ചില മാർഗ

നിർദേശങ്ങൾ നൽകുന്നു. പന്ത്രണ്ടാം അധ്യായത്തിന്റെ ഏഴു മുതൽ ഉള്ള വാക്യങ്ങൾ കൃപാവരങ്ങൾ ഉപയോഗിക്കുന്നതിന് വേണ്ട ആത്മീക ഗുണങ്ങളെക്കുറിച്ച് പറയുന്നു. അവിടെ ഉപയോഗിച്ചിരിക്കുന്ന ചില QUALIFYING വാക്കുകൾ ഏകാഗ്രത, പ്രസന്നത, നിർവ്യാജം എന്നൊക്കെ ആണ്. ഇതെല്ലം ആത്മീക കൃപാവരങ്ങൾ ഉപയോഗിക്കുമ്പോൾ മാത്രം സാധിക്കുന്ന കാര്യങ്ങൾ ആണ്. ക്രിസ്തുവിന്റെ ശരീരത്തിലെ മറ്റു അവയവങ്ങളുമായി നാം ബന്ധിക്കപ്പെട്ടിരിക്കുന്നത് നിർവ്യാജമായ സ്നേഹത്താൽ ആണ്.

ദൈവം നൽകുന്ന കൃപാവരങ്ങൾ ഒരിക്കലും ധാർഷ്ട്യത്തോടെയോ ശാഠ്യത്തോടെയോ ഉപയോഗിക്കാൻ സാധ്യമല്ല. ജഡം ആണ് ശാഠ്യം പിടിക്കുന്നതും ധാർഷ്ട്യം കാണിക്കുന്നതും. ജഡം ആണ് ചൂട് പിടിക്കുന്നതും മറ്റുള്ളവരെ ഇകഴ്ത്തുന്നതും. നിർവ്യാജമായ സ്നേഹത്തിൽ നിന്ന് വരാത്തതൊന്നും ദൈവത്തിൽ നിന്നുള്ളതല്ല. അതുകൊണ്ട് പൗലോസ് പറയുന്നു: നാം ഭാവിക്കേണ്ടതിനു മേലെ ഭാവിക്കാതെ ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു നിൽക്കുക എന്ന്. ഇന്ന് പലപ്പോഴും പ്രസംഗപീഠങ്ങളിൽ നിന്ന് കേൾക്കുന്ന ആക്രോശങ്ങൾ സ്നേഹത്തിൽ നിന്ന് വരുന്നതോ കൃപയിൽ നിന്ന് ഉളവാകുന്നതോ അല്ല, പ്രത്യുത, ഭാവിക്കേണ്ടതിനു മേലെ ഭാവിക്കുന്നതിൽ നിന്നും ഉണ്ടാവുന്നതാണ്.

ഇതുവരെയും റോമർക്കു എഴുതിയ ലേഖനത്തിൽ നിന്ന് നാം പഠിച്ചത്; നമ്മുടെ പാപാവസ്ഥയെക്കുറിച്ചും ദൈവം നമുക്ക് കൃപയാൽ തന്ന രക്ഷയെക്കുറിച്ചും ആണ്. അതുകൊണ്ട് തന്നെ നമ്മുടെ പൂർവകാല പാപങ്ങളിൽ നിന്ന് കൃപയാൽ ലഭിച്ച ശുദ്ധീകരണം മറന്നു, നാം മറ്റുള്ളവരുടെ മുമ്പിൽ നിഗളിച്ചു കൂടാ. പ്രത്യേകിച്ച് ദൈവം നമുക്ക് കൃപാദാനമായി നൽകിയ വരങ്ങളുടെ ശുശ്രൂഷയിൽ.

തുടർന്ന് റോമാലേഖനം നമ്മോടു പറയുന്നത് ആരാധന എങ്ങനെ നമ്മുടെ പ്രായോഗിക ജീവിതത്തിൽ വെളിപ്പെടുന്നു എന്നതാണ്.നമ്മുടെ ജീവിതം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതാണ് ശരിയായ ആരാധന. അത് നമ്മുടെ കഴിവിനാലോ അധ്വാനത്താലോ അല്ല എന്നുള്ളതിനാൽത്തന്നെ ഭാവിക്കാൻ നമുക്ക് ഒന്നുമില്ല.

എല്ലാത്തിനും മഹത്വം ദൈവത്തിനു കരേറ്റുമ്പോൾ നമ്മുടെ ജീവിതം ദൈവത്തിനു പ്രസാദകരമായ, ജീവനും വിശുദ്ധിയുമുള്ള ആരാധനയായി മാറുന്നു ●



മേൽ പതിയാതിരിക്കുവാൻ ജാഗ്രതയോടെ ജീവിക്കാം. നിശ്ചയദാർഢ്യത്തോടെ നമ്മുടെ സ്വയാനുകമ്പയെ ഉപേക്ഷിക്കാം. മറ്റു പല പാപങ്ങളുടെയും ഉറവിടമായ ഈ പാപസ്വഭാവത്തിന് യാതൊരു കാരണവശാലും നമ്മുടെ ഹൃദയത്തിൽ ഇടം അനുവദിച്ചുകൂടാ. സ്വയാനുകമ്പയുടെ ചിന്തകൾ നമ്മുടെ മനസിൽ പ്രവേശിച്ചാലുടൻ യേശുവിന്റെ രക്തത്തിൽ ആശ്രയിച്ചു കർത്താവിനെ വിളിച്ചപേക്ഷിക്കണം. അപ്പോൾ യേശുകർത്താവിനു നമ്മുടെമേൽ മനസലിവ് ഉണ്ടാകും

നമ്മുടെ ശിക്ഷണം കർത്താവ് പൂർത്തിയാക്കും. നമ്മോടുതന്നെ ഒട്ടും ദാക്ഷിണ്യം കാണിക്കാതെ സ്വയാനുകമ്പ അകറ്റിക്കളയാൻ നാം നടപടികൾ സ്വീകരിക്കുമ്പോൾ ദൈവം നമ്മോട് തീർച്ചയായും കരുണ കാണിക്കും. സ്വയാനുകമ്പയും ഒഴികഴിവുകൾ കണ്ടെത്തുന്നതിനുള്ള പ്രവണതയും നിരവധി പാപങ്ങളെ വളർത്തിയെടുക്കുവാൻ പര്യാപ്തമായ വളക്കൂറുള്ള മണ്ണാണ്. എത്രതന്നെ നഷ്ടം സഹിക്കേണ്ടി വന്നാലും സ്വയാനുകമ്പ എന്ന മാരകപാപത്തിൽ നിന്നും നമുക്കു വിടുതൽ പ്രാപിക്കാം. സഹോദരങ്ങളെ, കർത്താവിന്റെ ശിക്ഷണം നിസ്സാരമായി കരുതരുത്, അവിടന്ന് നമ്മെ ശാസിക്കുമ്പോൾ ധൈര്യം വെടിയരുത്. കർത്താവ് താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു, താൻ പുത്രനായി സ്വീകരിച്ച സകലരെയും ശിക്ഷിച്ചു നന്നാക്കുന്നു, എന്നിങ്ങനെ, ഒരു പിതാവ് പുത്രനോട് എന്നപോലെ നിങ്ങളോടു സംവദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളയരുത്. ദൈവം തന്റെ മക്കളോട് എന്നപോലെ നമ്മോടു പെരുമാറുന്നു; ആകയാൽ നാം ഈ ശിക്ഷ സഹിക്കണം. സ്വപിതാവ് ശിക്ഷിക്കാത്ത മകൻ ആരുണ്ട്? എല്ലാവർക്കും ലഭിക്കുന്ന ശിക്ഷ നമുക്കും ലഭിക്കുന്നില്ലെങ്കിൽ നാം സ്വന്തം മക്കളല്ല; ജാരസന്തതികളാണ് എന്ന് എബ്രായ ലേഖനത്തിൽ കാണുന്നു. ആകയാൽ ദൈവകരങ്ങളിൽ പരിപൂർണ്ണമായി സമർപ്പിച്ചു സ്വയാനുകമ്പയുടെ മേൽ സമ്പൂർണ്ണ ജയം പ്രാപിച്ച് ഈ ആത്മികയാത്രയിൽ മുന്നേറുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കട്ടെ. ●



ഡേവിഡ് വിൽക്കേഴ്സൺ

# ഹൃദയത്തിൽ ദൈവസ്നേഹം കത്തിജ്വലിച്ചാൽ...

*'ആരെങ്കിലും എന്റെ അടുക്കൽ വരികയും അപ്പനെയും അമ്മയെയും ഭാര്യയെയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും, സ്വന്തം ജീവനെയും പകയ്ക്കാതിരിക്കുകയും ചെയ്യുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല ' (ലൂക്കോസ് 14:26)*

പകയ്ക്കുക എന്നതിനുള്ള ഗ്രീക്ക്പദത്തിന്റെ അർത്ഥം 'താരതമ്യേന യേശുവിനെ സ്നേഹിക്കുന്നതിനേക്കാൾ കുറഞ്ഞ അളവിൽ മാത്രം മേലുദ്ധരിച്ചവരെ സ്നേഹിക്കുക' എന്നാണ്. യേശു നമ്മെ വിളിക്കുന്നത്, നമ്മുടെ സ്നേഹം മറ്റാരോടും മറ്റെന്തിനോടും ഉള്ള സ്നേഹവാത്സല്യങ്ങളെക്കാളും ഉന്നതവും ഭക്തിനിർഭരവും തീക്ഷ്ണവും സമ്പൂർണ്ണവുമായ സ്നേഹം യേശുവിനോടു പുലർത്തുന്നതിനാണ്. ക്രിസ്തുവിനോടുള്ള തീവ്രമായ സ്നേഹം, ഭൗതീകമായ താല്പര്യങ്ങളെ ദഹിപ്പിക്കുവാൻ പര്യാപ്തവും സന്തോഷകരവും ആയിരിക്കണം. അങ്ങനെയെങ്കിൽ എങ്ങനെ പ്രാർത്ഥിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന രൂപരേഖകളോ നിർദ്ദേശങ്ങളോ ഒന്നും നമുക്ക് ആവശ്യമുണ്ടാകുമായിരുന്നില്ല.

ദൈവസ്നേഹത്താൽ നമ്മുടെ ഹൃദയങ്ങൾ കത്തിജ്വലിച്ചിരുന്നുവെങ്കിൽ പരിശുദ്ധാത്മ സഹായത്തോടെ നാം പ്രാർത്ഥിക്കേണ്ടുംവണ്ണം വിരസതയില്ലാതെ പ്രാർത്ഥിക്കുമായിരുന്നു. അമൂല്യമെന്നു കരുതിയിരുന്ന ഭൗതിക നേട്ടങ്ങളെല്ലാം ക്രിസ്തു നിമിത്തം വിലയില്ലാത്ത ചപ്പുചവറുകളെന്നു താൻ കണക്കാക്കിയെന്നു ഫിലിപ്യർ 3: 8 ൽ പൗലോസ് പറയുന്നു. പലരും ഇത്തരത്തിലുള്ള ആവശ്യങ്ങൾക്കായി പ്രാർത്ഥനയിൽ വ്യക്തതയില്ലാതെ ഒരു മണിക്കൂർ തികയ്ക്കുവാൻ വേണ്ടി ശ്രമിക്കുന്നതും വിരളമല്ല. ക്രിസ്തുവായിരിക്കണം നമ്മുടെ പ്രാർത്ഥനയുടെ ലക്ഷ്യം. അങ്ങനെയെങ്കിൽ നമ്മുടെ പ്രാർത്ഥനാസമയം വിലപ്പെട്ടതായിരിക്കും. ദൈവസന്നിധിയിൽ അങ്ങനെയുള്ളവർ മണിക്കൂറുകൾ ചെലവഴിക്കും, കവിഞ്ഞൊഴുകുന്ന ആരാധന, ക്രിസ്തുവിനോടുള്ള മധുരസമ്പർക്കം എന്നിവ അവരുടെ ദൈനംദിന അനുഭവമായിരിക്കും. തിരുവെഴുത്തുകൾ വായിക്കുന്നത് അവർക്ക് ഒരിക്കലും ഒരു ഭാരമായിരിക്കില്ല. ഒരു വർഷം കൊണ്ട് ബൈബിൾ എങ്ങനെ വായിച്ചു പൂർത്തിയാക്കാം എന്നതിനെക്കുറിച്ചുള്ള ടൈംടേബിൾ അവർക്ക് ആവശ്യമില്ല.


നാം യേശുവിനെ ആവേശത്തോടെയും തീക്ഷ്ണതയോടെയും സ്നേഹിച്ചിരുന്നെങ്കിൽ, തന്നെക്കുറിച്ച് കൂടുതലറിയാൻ ദൈവവചനത്തിലേക്ക് കാന്തം ഇരുമ്പിനെ ആകർഷിക്കുന്നത് പോലെ നാമും ആകർഷിക്കപ്പെടുമായിരുന്നു. വ്യർത്ഥമായ പാരമ്പര്യവാദങ്ങളിലും, ലോകാവസാനം എന്താകും, എങ്ങനെയാകും എന്നീ വിഷയങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനങ്ങളിലും നാം കുഴഞ്ഞു പോകുമായിരുന്നില്ല. ക്രിസ്തുവിനെ നന്നായി രുചിച്ചറിഞ്ഞു അവിടുത്തെ ദിവ്യസ്വഭാവവും തേജസ്സേറിയ മഹത്വവും അനുഭവിക്കുവാൻ മാത്രമേ നാം ആഗ്രഹിക്കുമായിരുന്നുള്ളൂ. അങ്ങനെ നമുക്ക് യേശുകർത്താവിനോട് അതായത് അവിടുത്തെ ദിവ്യമായ മനോഭാവത്തോടു അനുരൂപരാകുവാൻ കഴിയുമായിരുന്നു. ഒന്നാലോചിച്ചു നോക്കൂ: യേശുവിന്റെ ദിവ്യസന്നിധിയിൽ വന്നിട്ടും ആ സാന്നിധ്യം അനുഭവിക്കാതിരിക്കുകയും ആത്മികവർദ്ധനവിനുതകുന്ന കാര്യങ്ങൾ അവിടുത്തോടു ചോദിക്കാതിരിക്കുന്നതും എന്തുകൊണ്ടാണ്?

നമുക്കറിയാമോ, അവിടുന്ന് നമ്മെ ആഴമായി സ്നേഹിക്കുന്നു എന്നത് തിരിച്ചറിഞ്ഞതുകൊണ്ടു മാത്രം നാം ക്രിസ്തുവിനോടനുരൂപരായി മാറുമോ? സ്വാർത്ഥത നിറഞ്ഞ നമ്മുടെ പ്രാർത്ഥനകളിൽ ഭൗതിക ആവശ്യങ്ങൾ അല്ലേ പലപ്പോഴും നാം പ്രാർത്ഥിക്കാറുള്ളത്? ജഡത്തിനാവശ്യമായതു ഞങ്ങൾക്ക് നൽകുക, അതിനായി ഞങ്ങളെ സഹായിക്കുക, ഭൗതികസമൃദ്ധി തന്നു ഞങ്ങളെ അനുഗ്രഹിക്കുക, ഞങ്ങളെയും ഞങ്ങൾക്കുള്ളതിനേയും സംരക്ഷിക്കുക എന്നിങ്ങനെ വ്യക്ത്യാധിഷ്ഠിത ആവശ്യങ്ങളുന്നയിക്കുന്നതിൽ മാത്രം നമ്മുടെ പ്രാർത്ഥന തരം താണു പോയില്ലേ? ഇതെല്ലാം തിരുവെഴുത്തുകളിൽ പരാമർശിച്ചിട്ടുണ്ടായിരിക്കാം. എങ്കിലും നമ്മുടെ ശ്രദ്ധ ക്രിസ്തുകേന്ദ്രീകൃതമാകാതെ സ്വയകേന്ദ്രീകൃതമായി തന്നെ തുടരുന്നു. നമ്മുടെ പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങൾക്കും മാർഗനിർദേശത്തിനും ആശ്വാസത്തിനുമായി നാം ദൈവവചനത്തിലേക്ക് പോകുന്നു. ഇത് ശരിയും, പ്രശംസനീയവുമാണ്. എന്നാൽ നമ്മുടെ പ്രിയകർത്താവിനെക്കുറിച്ച് കൂടുതൽ കൂടുതൽ അറിയുവാനും അനുഭവിക്കുവാനും നാം ആഗ്രഹിക്കുന്നുണ്ടോ? അത് വെളിപ്പെടുത്തുന്ന തിരുവെഴുത്തുകൾ ഉത്സാഹത്തോടെ അന്വേഷിക്കുന്ന സ്നേഹപ്രചോദിതമായ ആത്മാവ് നമുക്കുണ്ടോ?

**ഒന്നാലോചിച്ചു നോക്കൂ:
യേശുവിന്റെ ദിവ്യ
സന്നിധിയിൽ വന്നിട്ടും
ആ സാന്നിധ്യം
അനുഭവിക്കാതിരിക്കുകയും
ആത്മികവർദ്ധനവിനുതകുന്ന
കാര്യങ്ങൾ അവിടുത്തോടു
ചോദിക്കാതിരിക്കുന്നതും
എന്തുകൊണ്ടാണ്?**

തിരുവെഴുത്തുകൾ സസൂക്ഷ്മം പഠിച്ചാൽ ക്രിസ്തുവിന്റെ ഭാവം എന്തായിരുന്നു എന്ന് ഗ്രഹിക്കാനാവും. തന്റെ വാക്കിനാൽ അഖിലാണ്ഡത്തെ സൃഷ്ടിച്ചവൻ, ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ സ്വയം ശൂന്യനാക്കി മനുഷ്യജന്മം എടുക്കുമ്പോൾ സകലത്തിന്റെയും ഉടയവനും സ്രഷ്ടാവും ആയവന് പിറന്നു വീഴുവാൻ ഇടം കിട്ടിയില്ല. പിറന്ന ചോരക്കുഞ്ഞിനെ കിടത്തുവാൻ വഴിയമ്പലത്തിൽ ഇടവും കിട്ടിയില്ല. പിന്നീട് പശുത്തൊഴുത്തിൽ കിടത്തുകയാണുണ്ടായത്. പിറക്കുവാൻ ഒരു ദരിദ്ര കുടുംബം തിരഞ്ഞെടുത്തു, അവിടെ ജനിച്ചു, വളരെ ലളിതമായ ജീവിതം നയിച്ച്, തികഞ്ഞ മാതൃക നമുക്ക് കാട്ടിത്തന്നു. യേശു, മാതാപിതാക്കളെ അനുസരിച്ചു അവർക്കു കീഴ്പ്പെട്ടിരുന്നു. അത്യുന്നതനായവൻ സ്വയം താഴ്ത്തി ഏതറ്റം വരെ താണു വന്നു എന്നത് അവിടുത്തെ മനോഭാവത്തെയാണ് കാണിക്കുന്നത്. ഇത് നാമും അനുഭവമാക്കേണ്ടുന്ന ഭാവം തന്നെയാണ്. മറ്റുള്ളവരെ ശ്രേഷ്ഠരെന്നെണ്ണണം എന്ന അത്യുത്കൃഷ്ട ഉൾക്കാഴ്ച. പിതാവാം ദൈവത്തെ ക്രിസ്തു സകലത്തിലും അനുസരിച്ചു. തന്റെ സമ്പൂർണ്ണ അനുസരണം ക്രൂശിലെ ശാപമരണത്തോളം തന്നെത്താൻ താഴ്ത്തിയതിലൂടെ സ്പഷ്ടവും വ്യക്തവും ആണ്. അവിടുന്ന് നാം പിന്തുടരുവാൻ ഒരു മാതൃക നമുക്ക് മുമ്പിൽ ജീവിച്ചു കാണിച്ചു. നിന്ദയും ആക്ഷേപവും പരിഹാസവും സഹിച്ചു,രോമം കത്രിക്കുന്നവന്റെ മുമ്പിൽ മിണ്ടാതിരിക്കുന്ന ആടിനെപ്പോലെ താൻ മൗനമായിരുന്നു. മനസ്സലിവും ആർദ്രതയും തന്റെ മുഖമുദ്രയായിരുന്നു, ഒരേ സമയം താൻ പൂർണദൈവവും പൂർണമനുഷ്യനും ആയിരുന്നു. യേശുവിനെ ആഴത്തിലറിയണം എന്ന ലക്ഷ്യത്തോടെ നാം തിരുവെഴുത്തുകൾ മനസ്സിരുത്തി ധ്യാനിക്കണം ●





അനു ഗ്രേസ് ചാക്കോ

# സ്നേഹത്തണലിൽ...!

നാലുവർഷം നീണ്ടുനിന്ന ഒരു ആഭ്യന്തരയുദ്ധം 1861 ൽ അമേരിക്കയിൽ ഉണ്ടായി. ധാരാളം ഭടന്മാർക്കു ആ യുദ്ധത്തിൽ മാരകമായ മുറിവുകൾ സംഭവിച്ചു. മുറിവേറ്റ ഭടന്മാരെ സന്ദർശിക്കുവാൻ അമേരിക്കൻ പ്രസിഡണ്ട് ആയിരുന്ന എബ്രഹാംലിങ്കൻ അവിടേക്ക് ചെല്ലുകയുണ്ടായി. അന്ത്യശ്വാസം വലിച്ചു കൊണ്ടിരുന്ന ചെറുപ്പക്കാരനായ ഒരു സൈനികന്റെ അടുക്കൽ പ്രസിഡണ്ട് എത്തി. എന്തെങ്കിലും സഹായം ഞാൻ ചെയ്യേണ്ടതുണ്ടോ? എബ്രഹാംലിങ്കൻ ആ സൈനികനോട് ചോദിച്ചു. ചോദിച്ചത് അമേരിക്കൻ പ്രസിഡണ്ട് ആണെന്ന് സൈനികന് മനസ്സിലായില്ല. മരണക്കിടയിൽ തികച്ചും നിരാശനും ഭയചകിതനുമായ അയാൾ പറഞ്ഞു; എന്റെ അമ്മയ്ക്ക് ഒരു എഴുത്ത് എഴുതുവാൻ സഹായിച്ചാൽ നന്നായിരുന്നു. എബ്രഹാംലിങ്കൻ പേനയും കടലാസും എടുത്ത് ആ പടയാളിക്ക് വേണ്ടി ഒരു കത്ത് എഴുതുവാൻ തയ്യാറായി. ആ സൈനികൻ വിക്കിവിക്കി ഗദ്ഗദത്തോടെ പറഞ്ഞു: എന്റെ പ്രിയ അമ്മേ... എന്റെ ഉത്തരവാദിത്വം നിർവഹിക്കുന്നതിനിടയിൽ എനിക്ക് മാരകമായ പരിക്കേറ്റു. ഞാൻ ഇനി ജീവിക്കുമെന്ന് എനിക്ക് പ്രതീക്ഷയില്ല. അമ്മ ദു:ഖിക്കരുത്. അമ്മയെയും അപ്പച്ചനെയും ദൈവം അനുഗ്രഹിക്കട്ടെ. മേരിക്കും ജോണിനും എന്റെ ഉമ്മ. പിന്നീട് ഒന്നും പറയുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. അതിനാൽ ആ കത്തിന്റെ തുടർച്ചയായി പ്രസിഡണ്ട് എഴുതി. നിങ്ങളുടെ മകനുവേണ്ടി അമേരിക്കൻ പ്രസിഡന്റ് എബ്രഹാം ലിങ്കൻ എഴുതിയത്.

അല്പം കഴിഞ്ഞപ്പോൾ ആ എഴുത്ത് ഒന്ന് കാണുവാൻ സൈനികൻ താൽപര്യം പ്രകടിപ്പിച്ചു. ലിങ്കൻ എഴുത്ത് അയാളുടെ കൈവശം കൊടുത്തു. അയാൾ ആ കത്ത് വളരെ പ്രയാസപ്പെട്ട് വായിച്ചു. എഴുത്തിനടിയിൽ അമേരിക്കൻ പ്രസിഡണ്ടായ എബ്രഹാം ലിങ്കന്റെ പേര് കണ്ട സൈനികൻ ചോദിച്ചു: അങ്ങ് അമേരിക്കൻ പ്രസിഡണ്ടായ എബ്രഹാം ലിങ്കൻ തന്നെയാണോ? അതെ... ഞാൻ തന്നെ, മറുപടിയായി പ്രസിഡണ്ട് പറഞ്ഞു. ഇനി എന്തെങ്കിലും ഞാൻ ചെയ്തു തരേണ്ടതുണ്ടോ? അപ്പോൾ ആ സൈനികൻ പറഞ്ഞു. അങ്ങ് എന്റെ കയ്യിൽ പിടിച്ചാൽ നന്നായിരുന്നു. മരണഭയം കൂടാതെ ധൈര്യത്തോടും സമാധാനത്തോടും മരണത്തെ നേരിടുവാൻ അത് എന്നെ സഹായിക്കും. മരണാസന്നനായ ആ പടയാളി പറഞ്ഞതുപോലെ അമേരിക്കൻ പ്രസിഡണ്ട് അയാളുടെ കയ്യിൽ പിടിച്ച് അയാളെ ആശ്വസിപ്പിച്ചു ധൈര്യപ്പെടുത്തി. അധികം താമസിയാതെ പ്രസിഡന്റിന്റെ സാന്നിധ്യത്തിൽ ആ പടയാളി അന്ത്യശ്വാസം വലിക്കുകയും ചെയ്തു. മരണത്തെ മുഖാമുഖം കണ്ടപ്പോൾ ആ സൈനികൻ എത്രമാത്രം ഭയപ്പെട്ടിട്ടുണ്ടാവും? എന്നാൽ അമേരിക്കൻ പ്രസിഡന്റും തന്റെ ക്യാപ്റ്റനുമായ എബ്രഹാംലിങ്കന്റെ സാന്നിധ്യവും സ്നേഹവും അദ്ദേഹത്തിന് ധൈര്യത്തോടെ മരിക്കുവാൻ സഹായകമായി.

നമ്മുടെ ജീവിതത്തിലും ദു:ഖങ്ങൾ ഉണ്ടാകുമ്പോൾ, ഒരു തുരുത്ത് പോലെ ഒറ്റപ്പെട്ടു പോകുമ്പോൾ, മറ്റുള്ളവരുടെ സ്നേഹവും സാന്നിധ്യവും ആശ്വാസവാക്കുകളും നാം ആഗ്രഹിക്കാറില്ലേ? മറ്റുള്ളവരുടെ സ്നേഹവും സാന്നിധ്യവും തക്കസമയത്ത് ലഭിച്ചത് മൂലം എത്രയോ ദു:ഖങ്ങളെ അതിജീവിക്കുവാൻ കഴിഞ്ഞതിന്റെ അനുഭവങ്ങൾ നമുക്ക് പറയുവാൻ ഉണ്ടാകും. നമ്മുടെ സാന്നിധ്യം മറ്റുള്ളവർക്ക് അനുഗ്രഹമാകത്തക്ക നിലയിൽ മനസു തകർന്നും ഹൃദയും നുറുങ്ങിയും ഇരിക്കുന്നവരോട് നാം ഇടപെട്ടിരിക്കണം എന്നാണ് ദൈവം ആഗ്രഹിക്കുന്നതും നമ്മോടു ആവശ്യപ്പെടു ന്നതും. അങ്ങനെയാണ് മറ്റുള്ളവർക്ക് അനുഗ്ര ഹമായും ആശ്വാസമായും മാറുവാൻ നമുക്ക് കഴിയുന്നത്. ഞങ്ങൾക്കുണ്ടാകുന്ന സകല ക ഷ്ടതകളിലും ദൈവം ഞങ്ങളെ ആശ്വസിപ്പി ക്കുന്നു. അതുകൊണ്ട് ഞങ്ങളും ഏതുതരം കഷ്ടതയിൽ ആയിരിക്കുന്നവരെയും ദൈവത്തിൽനിന്നു ലഭിച്ചിരിക്കുന്ന ആശ്വാസത്താൽ, ആശ്വസിപ്പിക്കാൻ പ്രാപ്തരായിരിക്കുന്നു എന്നാണ് പൗലോസ് ശ്ലീഹായും പ്രസ്താവിച്ചി രിക്കുന്നത്.

മറ്റുള്ളവർക്ക് പ്രതീക്ഷയും ധൈര്യവും പകരുവാൻ സ്നേഹനിർഭരമായ വാക്കുകൾക്കും സാന്നിധ്യത്തിനും ശക്തിയുണ്ട്. പ്രതിസന്ധികളുടെ നടുവിൽ തകർന്നുപോകാതെ മനക്കരുത്തോടെ മനുഷ്യനെ നിലനിർത്തുന്നത് അവന്റെ പ്രത്യാശ്യയും പ്രതീക്ഷയും നിറഞ്ഞ മനസ്സാണ്. ഏത് ജീവിതസാഹചര്യത്തിലും നല്ലതുമാത്രം സംഭവിക്കും എന്ന പ്രതീക്ഷയെ അടിസ്ഥാനമാക്കി, വിശ്വാസമുള്ള മാനസിക അവസ്ഥയെ നമുക്ക് പ്രത്യാശ (Hope)എന്നു നിർവചിക്കാം. കാര്യങ്ങൾ നാം ആഗ്രഹിക്കുന്നതുപോലെ നടക്കുമ്പോൾ മനസ്സ് പ്രത്യാശാപൂർണമാണ്. എന്നാൽ ജീവിത നൗകയ്ക്കെതിരെ ആഞ്ഞടിക്കുന്ന പ്രതിസന്ധികളാകുന്ന കൊടുങ്കാറ്റുകൾ നിമിത്തം, നാം ആഗ്രഹിക്കുന്ന രീതിയിൽ ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാത്ത സാഹചര്യങ്ങൾ സംജാതമാവുകയും, പ്രത്യാശയ്ക്കു ഭംഗം വരികയും ചെയ്യുന്നു. മനസിന്റെ പ്രത്യാശയില്ലായ്മയാണ് പ്രശ്നങ്ങളെ അതി ജീവിക്കുന്നതിനുള്ള പ്രധാന തടസ്സം.

ചുറ്റുമുള്ള സഹജീവികളിലേയ്ക്കും സാഹചര്യങ്ങളിലേയ്ക്കും ഒന്ന് കണ്ണോടിച്ചു നോക്കിയാൽ ആശ അറ്റുപോയ ധാരാളം വ്യക്തികളെ കാണുവാൻ കഴിയും... ദു:ഖത്തിന്റെ നിമിഷങ്ങളിൽ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകുവാൻ പ്രത്യാശയെപ്പോലെ നല്ല മരുന്നോ, ടോണിക്കോ ഇല്ലെന്നാണ് അനുഭവങ്ങൾ പലരെയും പഠിപ്പിച്ചിട്ടുള്ളത്. ശാസ്ത്രത്തിന്റെ നിഗമനം അനുസരിച്ച് ഭക്ഷണം കൂടാതെ ഒരാൾക്ക് 70 ദിവസം വരെ ജീവിക്കാം. വെള്ളം കുടിക്കാതെ ഒരാൾക്ക് 10 ദിവസം വരെ ജീവിക്കാം. വായു കൂടാതെ ആറു മിനിറ്റ് വരെയും ജീവിക്കാം. എന്നാൽ പ്രതീക്ഷ കൂടാതെ ആർക്കെങ്കിലും ഒരു നിമിഷമെങ്കിലും ജീവിക്കാൻ ആകുമോ? ഇല്ലെന്നുള്ളതാണ് വാസ്തവം. പ്രതീക്ഷ നഷ്ടപ്പെട്ട മനസ്സ്, ഒരു വ്യക്തിയെ നിരാശയിലേയ്ക്കും ആത്മഹത്യാ ചിന്തകളിലേയ്ക്കും നയിക്കുന്നു. മാത്രമല്ല അത് അവന്റെ ശാരീരിക മാനസിക വൈകാരിക ആരോഗ്യത്തെ സാരമായി ബാധിക്കുന്നു.

യൂണിസെഫ് (UNICEF) 2021 റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ 15 മുതൽ 24 വയസ്സ് പ്രായമുള്ള കുട്ടികളിൽ ഏഴിൽ ഒരു കുട്ടി വിഷാദരോഗിയാണ്. കേരളത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നത് 60% കോളേജ് വിദ്യാർത്ഥികളും ജീവിതത്തിൽ നിരാശരാണെന്ന വസ്തുതയാണ്. ആത്മഹത്യാനിരക്കിൽ രാജ്യത്ത് കേരളം മൂന്നാം സ്ഥാനത്താണ്. അനേക കുട്ടികൾ കഴിഞ്ഞവർഷം ജീവിതത്തെക്കുറിച്ചുള്ള ആശ നഷ്ടപ്പെട്ട് കേരളത്തിൽ ആത്മഹത്യ ചെയ്തതായി പത്രമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈ കണക്കുകൾ എല്ലാം സൂചിപ്പിക്കുന്നത് പ്രതീക്ഷ നഷ്ടപ്പെട്ട മനുഷ്യർ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചാണ്.

നമ്മുടെ ചുറ്റുപാടുകളിൽ ആത്മഹത്യ ചെയ്ത ചിലരുടെ ജീവിതം നിരീക്ഷിച്ചാൽ പ്രത്യക്ഷത്തിൽ അവർക്കു ഒരു പ്രശ്നവും ഇല്ലാത്തവരെപ്പോലെ കാണപ്പെട്ടിരുന്നു. എങ്കിലും യാഥാർഥ്യം എന്തായിരുന്നു? അവർ നീറിപ്പുകയുന്ന അഗ്നിപർവ്വതസാമാനം, ഉള്ളുനീറി പ്രശ്നങ്ങളുടെ ചുഴിയിൽ വട്ടം കറങ്ങുകയായിരുന്നില്ലേ? അവരെക്കണ്ടവർക്കു എന്തെങ്കിലും മനസിലാക്കുവാനോ ഇറ്റ് ആശ്വാസം പകരുവാനോ അങ്ങനെ ഏതെങ്കിലും വിധത്തിൽ അവരെ സഹായിക്കുവാനോ കഴിഞ്ഞിരുന്നു എങ്കിൽ അവരിൽ പലരെയും ജീവിതത്തിലേക്ക് തിരികെക്കൊണ്ടുവരുവാൻ കഴിയുമായിരുന്നു. എന്റെ പ്രത്യാശ എവിടെ? എന്നിൽ ആശിക്കാൻ എന്തെങ്കിലും അവശേഷിക്കുന്നു എന്ന് ആർക്കു കാണാൻ കഴിയും എന്ന്

ശേഷംപേജ് 29▶



ജോൺസൺ കടമ്പനാട്

# ഒരു തിരുത്തലും ആവശ്യമില്ലാത്തവരോ...?

**ജീ**വനും ആത്മാവും വസിക്കുന്ന ദേഹം നിത്യജീവനു വേണ്ടി നിലകൊള്ളുന്ന വിധമാണ് ക്രിസ്തീയജീവിതം നയിക്കേണ്ടത്. തിരുവചനത്തിന് അക്ഷരവും ആത്മാവും ഉണ്ട്, എങ്കിലും വചനത്തിന്റെ വെളിപ്പാടാണ് പ്രധാനം. അക്ഷരത്തിലൂടെ അറിയുന്നതിലും ഉന്നതമാണ് ആത്മാവിലൂടെ ദൈവത്തെ അറിയുന്നത്. ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ നാം കർത്താവിനെ സ്തുതിക്കുന്നു. ആ ഉദ്ദേശ്യം ഇല്ലെങ്കിൽ സ്തുതി വെറും ജല്പനങ്ങൾ ആയിത്തീരുമല്ലോ. ഒരു വചനം വെളിപ്പാട് ആയി നമുക്ക് ലഭിക്കുന്നതിനാലാണ് നാം ദൈവത്തെ ഉന്നതമായ നിലയിൽ പ്രകീർത്തിക്കുന്നത്. മറ്റൊരാളുടെ അഭിപ്രായത്തിനൊത്തതുപോലെ ജീവിക്കുക എന്നല്ല, പിന്നെയോ നമ്മിൽ വെളിപ്പെട്ട പരിശുദ്ധാത്മാവിന്റെ നടത്തിപ്പിലൂന്നി ജീവിതം നയിക്കുകയാണ് വചന വെളിപ്പാട് നമുക്ക് ദൈവം നൽകുന്നതിന്റെ ഉദ്ദേശ്യം. അതായത് വചനത്തിനു അക്ഷരവും ആത്മാവും ഉണ്ടെങ്കിലും വചനത്തിന്റെ വെളിപ്പാട് പ്രാപിക്കുന്നില്ല എങ്കിൽ കേട്ട വചനം നമുക്ക് ഉപകാരമായിത്തീരുന്നില്ല.

റോമർ 5:10 ൽ ശത്രുക്കളായിരിക്കുമ്പോൾ തന്നെ നമുക്ക് തന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പുവന്നു എങ്കിൽ, നിരന്നശേഷം നാം തന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും. അത്രയുമല്ല, നമുക്ക് ഇപ്പോൾ നിരപ്പു ലഭിച്ചതിനു കാരണമായ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നാം ദൈവത്തിൽ പ്രശംസിക്കയും ചെയ്യുന്നു.

**അധികമായി രക്ഷിക്കപ്പെടുക എന്നാൽ എന്താണ്?**

സമാധാനത്തിന്റെ ദൈവം തന്നെ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ. നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ. ഇതാണ് നാം പ്രതീക്ഷിച്ചതിലും അധികമായ രക്ഷാപദ്ധതിയെന്ന് അറിയണം. എബ്രായർ 2 ന്റെ 10 ൽ കാണുന്നത് പോലെ അനേക പുത്രന്മാർ യേശുക്രിസ്തുവിനെപ്പോലെ തേജസിനാൽ നിറയുന്ന അനുഭവം. ക്രിസ്തു എല്ലാവരിലും എല്ലാം ആകുന്നു എന്ന് കൊലൊസ്സ്യർ 3 : 11 ൽ കാണുന്നു. നമ്മുടെ ആത്മാവിൽ യേശു, കർത്താവും ക്രിസ്തുവുമായി വസിക്കുന്ന യാഥാർത്ഥ്യം നാം അറിയാതിരിക്കരുത്. ഇങ്ങനെയുള്ള ആത്മീയസത്യങ്ങൾ വെളിപ്പെടാതിരിക്കാൻ പിശാച് നമ്മെ തെറ്റിക്കുന്ന സ്ഥിതി നിലവിലുണ്ട്. ക്രിസ്തു ക്രൂശിക്കപ്പെട്ടിട്ടു ഏകദേശം 2000 വർഷങ്ങളായി, എങ്കിലും ഇന്നും ജീവിക്കുന്ന കർത്താവായി നമുക്കുള്ളത് നമ്മെ സംബന്ധിച്ച് അനുഗ്രഹപ്രദമാണ്. അധികമായി രക്ഷിക്കപ്പെടുക എന്നത് ക്രിസ്തുവിനോട് അനുരൂപപ്പെടുന്നതാണ് എന്നും പറയാം. മനുഷ്യർ ദേഹിയാണെന്ന് സ്വയം ഗ്രഹിക്കുമ്പോൾത്തന്നെ അവനെ ആത്മാവുള്ള മനുഷ്യനാക്കിയത് ദൈവത്തിന്റെ ജീവശ്വാസമാണ്. ദൈവം സൃഷ്ടിച്ചത്

ദേഹത്തെ ആണല്ലോ. അതിൽ ദൈവം ജീവശ്വാസം ഊതിയപ്പോൾ ദേഹിയെ ലഭിച്ചു. മനുഷ്യന് സ്വയം അറിയുവാനും ഗ്രഹിക്കുവാനും അവന് ദേഹി ഉണ്ടായാൽ മാത്രമേ സാധ്യമാവുകയുള്ളൂ. അതിനാണ് ആത്മാവും ദേഹിയും ദേഹവും അനിന്ദ്യമായി വെളിപ്പെടുന്ന നില കൈവരിക്കേണ്ടത്. ഇതിലേക്ക് നാം നടത്തപ്പെടുന്നതിന് പരിജ്ഞാനം ആവശ്യമാണ്.

ഇന്നത്തെ പല ക്രിസ്തീയ പ്രഭാഷകരും തന്നെ അനുഗമിക്കുന്നവർ, എടുക്കണമെന്ന്യേശു നിഷ്ക്കർഷിച്ച തന്റെ ക്രൂശെടുത്തു കൊണ്ട് എന്നെ അനുഗമിക്കട്ടെ എന്ന സന്ദേശത്തിനു പകരം, കഷ്ടതയും ത്യാഗവും ഇല്ലാത്ത ഒരു ജീവിതത്തെയാണ് പ്രസംഗിക്കുന്നത്. ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ അല്ല, അത്ഭുതം ചെയ്യുന്ന ക്രിസ്തുവിനെ കാണിച്ചു തരുന്നു. അതുകൊണ്ട് എന്തു ഗുണമാണ്? ആദിമകാലത്ത് വേർപാടിനായി സമർപ്പിച്ചു ജീവിച്ചവർ ഉണ്ടായിരുന്നു. എന്നാൽ ഇന്നാകട്ടെ ആർക്കും ആരെയും തിരുത്തുവാൻ കഴിയാത്ത വിധം, തങ്ങൾക്കു ആത്മാവും അഭിഷേകവും ഉണ്ട് എന്ന് വരുത്തിത്തീർക്കുന്നു. കൈപ്പോടെ, ധാർഷ്ട്യത്തോടെ, പരിഹാസത്തോടെ, ക്രിസ്ത്യാനിയായി ജീവിക്കുവാൻ നിർബന്ധിക്കപ്പെടുന്നു.

പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കുന്ന പ്രവർത്തികൾ നമ്മിൽ എവിടെ നിന്ന് വരുന്നു? പരിശുദ്ധാത്മാവിന്റെ ഫലം ഇല്ലാതിരിക്കുമ്പോൾത്തന്നെ പരിശുദ്ധാത്മ നിറവിന്റെ ബാഹ്യമായ പ്രകടനങ്ങൾ പലരും കാണിക്കുന്നു. തെറ്റിദ്ധരിക്കപ്പെട്ട ഒരു ആത്മാവിൽ ജീവിക്കുന്നത് എത്ര ഭോഷത്വമാണ്! സാക്ഷ്യം ഇല്ലാത്ത ജീവിതവും ശുദ്ധീകരിക്കപ്പെടാത്ത ഹൃദയത്തിലെ ആത്മവ്യാപാരവും നമ്മെ എവിടെക്കൊണ്ടെത്തിക്കും? ആകയാൽ നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിക്കട്ടെ. നമുക്ക് തിരുത്തലാവശ്യമാണ്. ദൈവവചനം വെറുതെ പ്രസംഗിക്കുവാനുള്ളതല്ല. അത് പാലിക്കുവനുള്ളതാണ്. പ്രസംഗിക്കാൻ വരമുള്ളവർ അത് ചെയ്യട്ടെ. കേട്ടനുസരിക്കുന്നവർ ഭാഗ്യവാന്മാർ തന്നെയാണ്. പ്രസംഗിക്കുന്നവരും അത് പാലിക്കുന്നില്ല എങ്കിൽ ദൈവത്തെ വ്യർത്ഥമായി ഭജിക്കുന്ന ആളായിത്തീരുമല്ലോ.

**വീണ്ടുംജനനവും അനുസരണവും**

ഇത് ക്രിസ്തുവിന്റെ ദാനമാണ്. നാം ക്രിസ്തുവിനോട് കൂടെ തേജസ്ക്കരിക്കപ്പെടേണ്ടതിന് അവിടത്തോട് കൂടെ കഷ്ടം അനുഭവിച്ചാൽ മാത്രമേ കഴിയൂ (റോമർ 8: 17). തേജസ്ക്കരിക്കപ്പെടുന്നത് ക്രിസ്തുവിന്റെ തേജസിന്റെ പ്രതിഫലനമാണ്. വീണ്ടുംജനനം നടക്കാത്തവരിൽ തേജസ്ക്കരണവും നടക്കുകയില്ല. കർത്താവ് വരുമ്പോൾ ശുദ്ധീകരിക്കപ്പെടാത്ത മനുഷ്യരെയാണ് കൊണ്ടുപോകുന്നത് എന്ന് ചിന്തിക്കുവാൻ കഴിയുമോ? ഒരിക്കലും സാധ്യമല്ല. വീണ്ടുംജനനം നമ്മിൽ ശരിക്കും സംഭവിക്കണം. പുതിയമനുഷ്യനെയാണ് ദൈവം നമ്മിൽ നിന്ന് ആവശ്യപ്പെടുന്നത്. പുതിയമനുഷ്യൻ ജീവിക്കുന്നത് ദൈവത്തിന്റെ ജീവനിലാണ്. അവർ പറയുന്നത് ഇനി ജീവിക്കുന്നത് ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നാണ്. പഴയത് കഴിഞ്ഞുപോയി, സകലതും പുതുതായിരിക്കുന്നു. അത് ക്രിസ്തുവിൽ നിവർത്തിച്ചിരിക്കുന്നു എന്നാണ്. അതായത് ചതിമോഹങ്ങളാൽ വഷളായിപ്പോകുന്ന പഴയമനുഷ്യനെ അവന്റെ പ്രവർത്തികളോടു കൂടെ ഉരിഞ്ഞുകളഞ്ഞു ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയമനുഷ്യനെ ധരിക്കുന്ന അനുഭവം. കേവലം വിശ്വാസികൾ എന്ന പേരിൽ മാത്രം ജീവിക്കാതെ, വിശ്വാസത്തിന്റെ അന്ത്യമായ ആത്മരക്ഷ പ്രാപിച്ചവരാവുക. കാരണം നാം ജീവിക്കേണ്ടത് ഈ ലോകത്തിന് അനുരൂപപ്പെട്ടു കൊണ്ടല്ല. വീണ്ടുംജനനം മൂലം പുതിയ മനുഷ്യനായിത്തീർന്ന ഒരുവൻ ദൈവിക പരിജ്ഞാനവും നല്ല മനസാക്ഷിയും ഉള്ളവനായി ജീവിക്കുന്നത് കാണാം. പുതിയമനുഷ്യൻ ജീവിക്കുന്നത് ഈ യാഥാർത്ഥ്യം ഉൾക്കൊണ്ടു കൊണ്ടാണ്. അവന് ക്രിസ്തു ഒരു അപ്രമേയ ധനം തന്നെയാണ്.

**എന്തുകൊണ്ടാണ് തിരുത്തലുകൾ വേണ്ടാത്തത്?**

തിരുത്തുന്നത് ആരും ഇഷ്ടപ്പെടുന്നില്ല. കാരണം 'ഞാൻ' എന്ന അഹങ്കാരത്തിന്റെ ജീവൻ എന്നിൽ ശക്തമായിരിക്കുന്നു. ഞാൻ രക്ഷിക്കപ്പെട്ടവനും ആത്മാഭിഷേകം ഉള്ളവനും ആയിരിക്കുകയാണ്. എനിക്ക് തിരുത്തൽ ആവശ്യമില്ലെന്ന് പറഞ്ഞു സ്വയം പുകഴുന്നു. പഴയമനുഷ്യനാണ് ഇപ്പോഴും എന്നെ ഭരിക്കുന്നത് എങ്കിൽ ദൈവാത്മാവിന്റെ ഇഷ്ടം ചെയ്യുവാൻ കഴിയുകയില്ല. താഴ്മയില്ലെങ്കിൽ ക്രൂശ് വഹിക്കുവാൻ പറ്റില്ലല്ലോ? സ്വന്തം ജീവനെ പകയ്ക്കുക എന്ന യാഥാർത്ഥ്യം ക്രൂശിലൂടെ മാത്രമേ നിവർത്തി ആവുകയുള്ളൂ. നിങ്ങളുടെ ക്രൂശും എടുത്ത് എന്നെ അനുഗമിപ്പിൻ എന്നു ക്രിസ്തു പറഞ്ഞു. ഇതു പറ

യുമ്പോൾ ശിഷ്യന്മാർക്ക് ഒന്നും മനസ്സിലായിക്കാണില്ല. എന്നാലവർ ജീവിതത്തിന്റെ യാഥാർത്ഥ്യം ഉൾക്കൊണ്ടു കഴിഞ്ഞപ്പോൾ തങ്ങളുടെ ക്രൂശ് വഹിക്കുന്നവരായിത്തീർന്നു.

ആത്മാവിൽ ജീവിക്കുന്നവർക്ക് ആത്മപ്രമാണം ഉണ്ട്. അവർ ജഡത്തിന്റെ പ്രവർത്തികളെ മരിപ്പിക്കുന്നു. ജഡത്തെ അനുസരിച്ച് നടക്കുന്നവർക്ക് ആത്മാവുമില്ല, ആത്മപ്രമാണവുമില്ല. ആകയാൽ നാം എവിടെ നിൽക്കുന്നു? തിരുത്തലുകൾ ആവശ്യമില്ലാത്തവരായി, പ്രമാണികളായി കപടഭക്തിയിൽ ജീവിക്കുകയാണോ? മനുഷ്യരെ പ്രസാദിപ്പിക്കുന്ന ക്രിസ്ത്യാനിയാണോ? ക്രൂശു വഹിക്കേണ്ട എന്ന നിലപാട് ഉള്ളവരാണോ? പാട്ടും പ്രാർത്ഥനയും മാത്രം മതിയെന്നാണോ? എങ്കിൽ ശരിക്കും നമുക്ക് തിരുത്തലുകൾ ആവശ്യമാണ്. കർത്താവിന്റെ മുമ്പിൽ താഴുക, അവിടുന്ന് നമ്മെ തന്റെ നന്മയിലൂടെ ഉയർത്തും. ക്രിസ്തുവിനെ അറിയാത്ത ക്രിസ്ത്യാനിയായി ജീവിച്ചാൽ ആത്മാവിൽ മരിക്കും നിശ്ചയം. യേശുക്രിസ്തുവിലുള്ള നമ്മുടെ പ്രത്യാശയ്ക്ക് ഭംഗം വരാതിരിക്കാൻ സൂക്ഷിപ്പീൻ. നമ്മുടെ കർത്താവ് വേഗം വരുന്നു. ●

# എന്റെ ആത്യന്തിക ലക്ഷ്യം...!

**എ**ല്ലാവരോടും സ്നേഹം കാണിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒരിക്കൽ ഞാൻ ഒരു പ്രസംഗം നടത്തിയിരുന്നു. അക്കൂട്ടത്തിൽ സ്നേഹിക്കുന്നതിനു പകരം, പലരും എളുപ്പത്തിൽ പ്രകോപിതരാകുന്ന പാപത്തെക്കുറിച്ചും ഞാൻ സംസാരിച്ചു. അപ്പോൾത്തന്നെ പരിശുദ്ധാത്മാവ് എന്റെ സ്വന്തം ജീവിതത്തിൽ ആ പാപം വസിക്കുന്നു എന്ന് എന്നെ ബോധ്യപ്പെടുത്തി. പരിശുദ്ധാത്മാവ് സംസാരിക്കുമ്പോൾ അത് ശ്രദ്ധിക്കുന്നത് വിലമതിക്കണമെന്നു ഞാൻ പഠിച്ചിരുന്നു. അപ്പോൾത്തന്നെ ഞാൻ പശ്ചാത്തപിച്ചു. അത് നിമിത്തം വളരെയധികം പ്രാർത്ഥനകൾക്കും ആ പാപത്തിന്റെ മേലും വിജയമുണ്ടെന്ന് എനിക്ക് ബോധ്യപ്പെട്ടു.

മറ്റൊരു സന്ദർഭത്തിൽ ഒരടുത്ത സുഹൃത്തുമായുള്ള ഫോൺ സംഭാഷണം എന്നിൽ അപ്രതീക്ഷിതമായി രോഷവും ദേഷ്യവും ആളിക്കത്തിച്ചു. ഏകദേശം നാല് ദിവസത്തോളം ഞാൻ എതിരാളിയെ വാക്കിൽ തോൽപ്പിച്ച ജയാളിയുടെ ഭാവത്തോടെ നടന്നു. എന്നാൽ ആ ദിവസങ്ങളിൽ കർത്താവിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ ഞാൻ വിഷമിച്ചു, ആ ഫോൺ സംഭാഷണത്തിലൂടെ എന്നെ ഉപദ്രവിക്കാൻ എന്റെ സുഹൃത്തിനെ ഉപയോഗിച്ചതിന് ഞാൻ പിശാചിനെ കുറ്റപ്പെടുത്താൻ തുടങ്ങി. എന്നെ പാപം ചെയ്യാൻ പ്രേരിപ്പിച്ച പിശാച്, അവനെ ഉപയോഗിക്കുകയായിരുന്നു എന്ന് തിരിച്ചറിയുവാൻ ഞാൻ വൈകിപ്പോയി. എന്റെ ദേഷ്യം വേദനാജനകമായ ആ സംഭാഷണത്തിന്റെ നേരിട്ടുള്ള ഫലമല്ലെന്നും പ്രത്യുത, കീഴടക്കിയതായി ഞാൻ കരുതിയ ഒരു പഴയ ശീലത്തിലേക്കു വീണ്ടും വീണുപോയത് കൊണ്ടാണ് രോഷവും ദേഷ്യവും എന്റെ ഉള്ളിൽ തിളച്ചുമറിയാൻ കാരണമെന്നു ഞാൻ തിരിച്ചറിഞ്ഞു. ഈ തിരിച്ചറിവ് എന്നെ സ്വാധീനിച്ചു. ഞാൻ കർത്താവിന്റെ മുമ്പാകെ കരഞ്ഞു: വലിയ ജനക്കൂട്ടത്തോട് ഞാൻ പ്രസംഗിക്കുന്നവനെങ്കിലും ഈ പാപത്തിന്റെ മേൽ വിജയിച്ചിട്ടില്ല എന്നത് എന്റെ സങ്കടത്തിന്റെ ആക്കം കൂട്ടി. ഓട്ടമത്സരത്തിൽ വീണുപോയ ഒരു ഓട്ടക്കാരനെപ്പോലെ എനിക്ക് തോന്നി, ഞാൻ നിലവിളിച്ചു: കർത്താവേ, അങ്ങയുടെ സാദൃശ്യത്തോട് അനുരൂപപ്പെടാനുള്ള ലക്ഷ്യം നേടാൻ എനിക്ക് വളരെയധികം ആഗ്രഹമുണ്ട്. ഇത്രയും വർഷങ്ങൾ അങ്ങേക്കൊപ്പം നടന്നു എന്ന് ഞാൻ അവകാശപ്പെട്ടിട്ടും ഞാൻ ആ ലക്ഷ്യത്തിന്റെ അടുത്ത് എത്തിയിട്ടില്ല, യേശുവിനെപ്പോലെ ആകണം എന്നതാണ് എന്റെ ആത്യന്തിക ലക്ഷ്യം! പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കുകയും അനുസരിക്കുകയും കർത്താവിന്റെ മുഖം അന്വേഷിക്കുകയും ചെയ്യുക. അവിടുന്ന് നിങ്ങളെ വേഗത്തിൽ വിജയത്തിലേക്ക് തിരികെ നയിക്കുന്നത് കണ്ടു നിങ്ങൾ ആശ്ചര്യപ്പെടും!

**ഡേവിഡ് വിൽക്കേഴ്സൺ**

# പ്രതിസന്ധികളെയും മറികടന്ന്...!

**ബെഞ്ചമിൻ വർഗീസ്**

ഗുണ്ടർട്ട് ബാലനായിരുന്ന കാലത്ത് ജർമൻ ഭാഷയിലേയ്ക്ക് വേദപുസ്തകത്തിന്റെ ചില ഭാഗങ്ങൾ തർജമ ചെയ്ത് തന്റെ പിതാവിനു കൊടുത്തിരുന്നു. പിന്നീട് തിരുനെൽവേലിയിൽ റെനിയൂസിനൊപ്പം ആയിരുന്ന സമയത്ത് വേദപുസ്തക പരിഭാഷയുടെ തത്വങ്ങളും ഗുണ്ടർട്ട് മനസിലാക്കിയെടുത്തു. ഇതൊക്കെയാണെങ്കിലും ഗുണ്ടർട്ട് ഇന്ത്യയിലേക്കെത്തിയത് ഒരു വേദപുസ്തകപരിഭാഷകനാകുക എന്ന ലക്ഷ്യത്തോടെ അല്ലായിരുന്നുവെന്ന് നാം കണ്ടിരുന്നുവല്ലോ. ഭാഷാ അവലോകനത്തിലും പ്രയോഗത്തിലും ഒരുപോലെ പ്രാവീണ്യമുണ്ടായിരുന്ന അദ്ദേഹത്തെ വേദപുസ്തക പരിഭാഷാദൗത്യം ഒരു നിയോഗം പോലെ തേടിയെത്തിയതാണ്.

ഗുണ്ടർട്ട് കേരളത്തിലെത്തിയ 1839 ൽ തന്നെയാണ് ബെയ്ലി തന്റെ പരിഭാഷ പൂർത്തിയാക്കിയത്. മംഗലാപുരം ലക്ഷ്യമാക്കിയുള്ള ഗുണ്ടർട്ടിന്റെ യാത്രാമദ്ധ്യേ അദ്ദേഹം കോട്ടയത്തെത്തി ബെഞ്ചമിൻ ബെയ്ലിയെ സന്ദർശിക്കുകയും അദ്ദേഹത്തോടൊപ്പം സമയം ചെലവിടുകയും ചെയ്തു. ഇവിടെവച്ച് അദ്ദേഹം ബെയ്ലിയുടെ പരിഭാഷ കണ്ടിരുന്നുവെന്ന് നമുക്കനുമാനിക്കാം.

മലബാറിലെത്തിയ ശേഷം ബെയ്ലിയുടെ പരിഭാഷ വടക്കൻ കേരളത്തിലുള്ളവർക്ക് മതിയാവില്ല എന്ന നിഗമനത്തിൽ ഗുണ്ടർട്ട് എത്തിച്ചേർന്നു. ക്രമേണ മലയാളത്തിൽ പ്രാവീണ്യം ആർജ്ജിച്ചപ്പോൾ വടക്കൻ മലബാറുകാർക്കായി ഒരു പുതിയ പരിഭാഷ ചെയ്യാൻ ഗുണ്ടർട്ട് തീരുമാനിച്ചു. പ്രാദേശിക ഭാഷാഭേദങ്ങളും ബെയ്ലി അവലംബിച്ച പരിഭാഷാശൈലിയും പരിഭാഷയ്ക്കായി ഉപയോഗിച്ച മൂലഗ്രന്ഥങ്ങളുടെ തിരഞ്ഞെടുപ്പുമൊക്കെയാണ് ഗുണ്ടർട്ട് ഈ പുതിയ പരിഭാഷയുടെ ആവശ്യകതയ്ക്ക് കാരണമായി നിരത്തിയത്.

ബെയ്ലിയുടെ പരിഭാഷയിൽ ഗുണ്ടർട്ട് കണ്ട മുഖ്യപരിമിതി, അത് ഇംഗ്ലീഷ്പരിഭാഷകളെ അടിസ്ഥാനമാക്കി പരിഭാഷപ്പെടുത്തിയതായിരുന്നുവെന്നതാണ്. ബാല്യം മുതൽ വേദപുസ്തക ഭാഷകളടക്കം നിരവധി ഭാഷകളിൽ പ്രാവീണ്യം നേടിയിരുന്ന ഗുണ്ടർട്ട്, വേദപുസ്തകം മൂലഭാഷകളിൽ നിന്നും നേരിട്ട് പരിഭാഷപ്പെടുത്തേണ്ടതുണ്ടെന്ന് കരുതി. ഇംഗ്ലീഷ് പരിഭാഷകളെ ആധാരമാക്കിയതുമൂലം ബെയ്ലിയുടെ പരിഭാഷയിൽ ആശയങ്ങൾ വിവരിക്കുവാൻ ആവശ്യത്തിലേറെ പദങ്ങൾ കടന്നു കൂടിയിരിക്കുന്നുവെന്നായിരുന്നു ഗുണ്ടർട്ടിന്റെ കണ്ടെത്തൽ. എബ്രായ, ഗ്രീക്ക് മൂലങ്ങളിൽനിന്നും പരിഭാഷ നിർവഹിക്കുകയാണെങ്കിൽ ഇവ ഒഴിവാക്കാനാകും എന്നദ്ദേഹം കരുതി. വടക്കൻ മലബാറിലെ ഭാഷയും കോട്ടയത്തെ ഭാഷയും തമ്മിലുള്ള വ്യത്യാസങ്ങളും ഗുണ്ടർട്ടിനെ സംബന്ധിച്ചിടത്തോളം പുതിയ പരിഭാഷയ്ക്കൊരു മതിയായ കാരണമായി. തന്നെയുമല്ല ബെയ്ലിയുടെ പരിഭാഷയിൽ സംസ്കൃതപദങ്ങളുടെ അതിപ്രസരം ഉണ്ടായിട്ടുണ്ടെന്നൊരു നിരീക്ഷണവും അദ്ദേഹം നടത്തിയിട്ടുണ്ട്. വേദപുസ്തകത്തിലെ കാവ്യഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തുമ്പോൾ കാവ്യാത്മകത നിലനിർത്തിക്കൊണ്ടായിരിക്കണം അതെന്ന് ഗുണ്ടർട്ട് വാദിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്തു. എന്നാൽ ബാസൽമിഷനിലുള്ളവരിലുൾപ്പടെ പലരും ഗുണ്ടർട്ടിന്റെ ഈ ശ്രമത്തോട് താത്പര്യം കാട്ടിയില്ല.

ഇറിയോൺ, ഫ്രിറ്റ്സ്, ഫ്രീഡ്രിക് മ്യൂള്ളർ എന്നിവർ ആയിരുന്നു ഗുണ്ടർട്ട് പരിഭാഷപ്പെടുത്തിയ വേദഭാഗങ്ങൾ പരിശോധിച്ചിരുന്നത്. പരിഭാഷ പൂർത്തിയാക്കിയ ഭാഗങ്ങളുടെ പരിശോധനയ്ക്കു ശേഷം പുതിയനിയമത്തിലെ പുസ്തകങ്ങളും അതേ മാതൃകയിൽ പരിഭാഷപ്പെടുത്തുന്നത് നല്ലതായിരിക്കുമെന്ന നിർദ്ദേശം അവർ മുമ്പോട്ട് വെച്ചു. മിഷൻ നേതൃത്വം ഈ നിർദ്ദേശം അംഗീകരിക്കുകയും പരിഭാഷ തുടരാനുള്ള അനുമതി നൽകുകയും ചെയ്തു. ആദ്യം ലേഖനങ്ങൾ, പിന്നെ സങ്കീർത്തനങ്ങൾ എന്ന ക്രമത്തിൽ പരിഭാഷപ്പെടുത്തുവാനാണ് അനുമതി കൊടുത്തത്. പുതിയനിയമത്തിനു മൊത്തമായി ഒരു ഏകീകൃത ശൈലി ആവശ്യമാകയാൽ പുതിയനിയമ

ത്തിന്റെ ആദ്യഭാഗങ്ങൾക്കൂടി പരിഭാഷപ്പെടുത്തുവാൻ ഗുണ്ടർട്ട് അനുമതി ചോദിക്കുകയും മിഷനതംഗീകരിക്കുകയും ചെയ്തു. സദാ കർമനിരതനായ ഗുണ്ടർട്ടിന്റെ അത്യുത്സാഹത്താലും ദൈവകൃപയാലും പുതിയനിയമപുസ്തകങ്ങളുടെ പരിഭാഷ അതിവേഗം പൂർത്തിയാക്കാനായി.1856ൽ പുതിയനിയമം തലശേരിയിലെ കല്ലച്ചിൽ അച്ചടിക്കുകയും ചെയ്തു.

എന്നാൽ പഴയനിയമത്തിന്റെ പരിഭാഷ വളരെ പതുക്കെയാണ് പുരോഗമിച്ചത്. 1843 ൽത്തന്നെ ഗുണ്ടർട്ട് ഉത്തമഗീതം പരിഭാഷപ്പെടുത്തിക്കഴിഞ്ഞിരുന്നു. 1850 ന്റെ തുടക്കത്തിൽ ചെറിയ പ്രവാചകന്മാരുടെ പുസ്തകങ്ങൾ അദ്ദേഹം പരിഭാഷപ്പെടുത്തിത്തുടങ്ങി. തിരക്കിട്ട് പുതിയനിയമ പരിഭാഷയിൽ വ്യാപൃതനായിരിക്കുമ്പോൾ തന്നെയാണിതെന്നോർക്കണം. 1857 ൽ ഇയോബ്, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ എന്നിവ തലശേരിയിൽ അച്ചടിച്ചു. ഉല്പത്തി മുതൽ ദാവീദിന്റെ കാലം വരെയുള്ള വേദപുസ്തക ഭാഗങ്ങളുടെ സാരാംശം ക്രോഡീകരിച്ചുകൊണ്ട് 'സത്യവേദ ഇതിഹാസം' എന്നൊരു ഗ്രന്ഥം അദ്ദേഹം ചമച്ചു. അതുകൊണ്ട് ഗുണ്ടർട്ട് ഈ 17 പുസ്തകങ്ങളുടെ പരിഭാഷ ചെയ്തില്ല. 1859 ൽ ജർമനിയിലേയ്ക്ക് തിരികെപ്പോയതിനു ശേഷവും ഗുണ്ടർട്ട് തന്റെ പരിഭാഷ തുടർന്നു. വളരെ ത്യാഗപൂർണമായിരുന്നു ആ പരിശ്രമം. കാൽവിലെ തന്റെ ഉത്തരവാദിത്തങ്ങൾക്ക് പുറമേ, നിഘണ്ടുവിന്റെ പണിപ്പുരയിലും അദ്ദേഹം സമയം ചെലവിടേണ്ടിയിരുന്നു. എന്നിരുന്നാൽപ്പോലും താൻ തുടങ്ങിവെച്ച മലയാള പരിഭാഷാപ്രവർത്തങ്ങൾ അദ്ദേഹം മാറ്റിവെച്ചില്ല. തന്റെ സ്ഥിരോത്സാഹത്താലും ആത്മാർത്ഥമായ പരിശ്രമത്താലും 1884ൽ അദ്ദേഹത്തിന് മലാഖിയിലെ അവസാന വാക്കു വരെ പരിഭാഷ പൂർത്തീകരിക്കാനായി.

അദ്ദേഹത്തിന്റെ പരിഭാഷ അതിവേഗം കേരള ക്രൈസ്തവരുടെ ഇടയിൽ ശ്രദ്ധ പിടിച്ചുപറ്റി. ഗുണ്ടർട്ടിന്റെ പരിഭാഷയെ അല്പം കൂടി പരിഷ്കരിച്ച് കേരളത്തിനു മൊത്തം ഉതകുന്ന തരത്തിലുള്ള ഒരു പരിഭാഷ ചിട്ടപ്പെടുത്തിയെടുക്കാൻ ബൈബിൾ സൊസൈറ്റി മുൻകൈയെടുത്തു, അതിനായി വിവിധ സഭാവിഭാഗങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു കമ്മറ്റിയും രൂപീകരിച്ചു. എന്നാൽ ഗുണ്ടർട്ടിന് വേദനാജനകമായ ചില സംഭവവികാസങ്ങളാണ് പിന്നീടുണ്ടായത്.

മൂലഭാഷയിൽനിന്നും ബൈബിൾ തർജമ ചെയ്യാൻ ഗുണ്ടർട്ട് പ്രകടിപ്പിച്ച നിർബന്ധബുദ്ധിയും പരിഭാഷയിൽ കാവ്യാത്മകത നിലനിർത്താനായുള്ള ശ്രമവും ഗുണ്ടർട്ടിന്റെ സഹപ്രവർത്തകർക്ക് പോലും ഉൾക്കൊള്ളാനാവാതെ പോയി എന്നു വേണം കരുതാൻ. ഇത്രയും ശ്രമകരമായി നിർവഹിച്ച ദൗത്യമായിരുന്നിട്ടു കൂടി ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ ആ പരിഭാഷയ്ക്കായില്ല. ബെയ്‌ലിയുടെ പരിഭാഷയാണ് കേരളത്തിൽ വ്യാപകമായി പ്രചാരം നേടിയെടുത്തത്. ഇതിന് ഒരുപക്ഷേ ഭാഷാപരമായ കാരണങ്ങൾക്കപ്പുറമുള്ള ഘടകങ്ങളുമുണ്ടായിരിക്കാം. ഏതായാലും അദ്ദേഹത്തിന്റെ പരിഭാഷയ്ക്ക് അതർഹിക്കുന്ന വിധമുള്ള അംഗീകാരം നേടിയെടുക്കാനായില്ല. ഗുണ്ടർട്ടും ഇക്കാര്യത്തെക്കുറിച്ച് ബോധവാനായിരുന്നു. യൂണിയൻ പരിഭാഷാ കമ്മറ്റിയിൽ ബാസൽ മിഷനെ പ്രതിനിധീകരിച്ചെത്തിയ ഫ്രീഡ്രിക് സഹോദരൻ, ഗുണ്ടർട്ടിന്റെ പരിഭാഷയ്ക്ക് പകരം കോട്ടയം പരിഭാഷയെ അനുകൂലിച്ചതിലുള്ള പരിഭവം ഗുണ്ടർട്ട് മകനെഴുതിയ ഒരു കത്തിൽ കാണാനാകും.

എന്നിരുന്നാലും ഭാഷാപരമായ മികവ് പരിഗണിച്ചാൽ പല ശ്രേഷ്ഠതകളുമുള്ള ഒരു അനന്യ പരിഭാഷയാണ് ഗുണ്ടർട്ടിന്റേതെന്നതിൽ രണ്ടഭിപ്രായമില്ല. നാമിന്നുപയോഗിക്കുന്ന സത്യവേദപുസ്തകത്തിലടക്കം പിന്നീട് വന്ന പല പരിഭാഷകളിലും ഗുണ്ടർട്ട് പരിഭാഷയ്ക്ക് സ്വാധീനം ചെലുത്താനായി. സാങ്കേതികവിദ്യയും യാത്രാസൗകര്യങ്ങളും, നാമിന്ന് സ്വാഭാവികമെന്ന് കരുതി അനുഭവിച്ച് പോരുന്ന പലതും, അന്യമായിരുന്ന അക്കാലത്ത് വേറൊരു ദേശത്തുനിന്ന് ഇവിടെത്തി നമ്മുടെ ഭാഷയെയും സംസ്കാരത്തെയും സമ്പന്നമാക്കിയ ആ മിഷണറിവര്യനെ നമുക്കൊരിക്കലും മറക്കാവതല്ല.

***കുറിപ്പ്:*** *ഗുണ്ടർട്ട് താൻ കണ്ടെത്തിയ രേഖകളും, പുസ്തകങ്ങളും എല്ലാം തന്റെ കൂടെ കൊണ്ടുപോയി. അവയിൽ വലിയൊരുഭാഗം ഗുണ്ടർട്ട് റ്റ്യൂബിംഗൻ യൂണിവേഴ്സിറ്റിക്ക് കൈമാറിയിരുന്നു. അവർ അവ സൂക്ഷിച്ചു വെച്ചിരുന്നുവെന്ന് മാത്രമല്ല, ആ അമൂല്യനിധി ഓൺലൈനിൽ എല്ലാവർക്കുമായി ലഭ്യമാക്കിയിട്ടുമുണ്ട്.* ***https://www.gundert-portal.de/*** *എന്ന ലിങ്കിൽ ആർക്കും ഇവ സൗജന്യമായി ലഭ്യമാണ്. ഈ ലേഖന പരമ്പരയിലുൾപ്പെടുത്തിയിരുന്ന കാര്യങ്ങൾക്ക് ആസ്പദമായ വിവരങ്ങൾ ഇവിടെ നിന്നുമാണ് ലഭ്യമായത്*



# ഹൃദ്യമായ ഇടപെടലുകൾ...

മക്കളോടും മുതിർന്നവരോടും ബന്ധുക്കളോടും സഹോദരങ്ങളോടും ഭർത്താവിനോടും സഭയിലും സമൂഹത്തിലുമൊക്കെ വ്യത്യസ്ഥ സാഹചര്യങ്ങളിൽ സംസാരിക്കേണ്ടി വരുമ്പോൾ ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടാതെയും ആരെയും വേദനിപ്പിക്കാതെയും സംസാരിക്കുവാൻ എല്ലാവരും വിശേഷാൽ സഹോദരിമാരും ശ്രദ്ധിക്കേണ്ടതാണ്. 'ദൈവവചനം അപകീർത്തിപ്പെടാതെ ഇരിക്കേണ്ടതിന് സ്വന്തം ഭർത്താക്കന്മാരെയും മക്കളെയും സ്നേഹിക്കുന്നവരും ആത്മനിയന്ത്രണമുള്ളവരും നിർമലരും വീട്ടുകാര്യങ്ങൾ നന്നായി നോക്കുന്നവരും ദയാശീലരും തങ്ങളുടെ ഭർത്താക്കന്മാർക്കു വിധേയപ്പെടുന്നവരും ആയിരിക്കാൻ യുവതികളെ പ്രോത്സാഹിപ്പിക്കണം' (തീത്തോസ് 2: 4, 5)

അമിതമായ ശാഠ്യം കാണിച്ചു ബഹളമുണ്ടാക്കിയ 2 വയസ്സിൽ താഴെ മാത്രം പ്രായമുള്ള സ്വന്തം മകളെ, പിതാവ് കലിമൂത്തു മുടിക്ക് പിടിച്ചു ഉയർത്തി. നൊന്തുപ്രസവിച്ച അമ്മ, പിതാവ് കുപിതനായപ്പോൾ വേദനയോടെ സംയമനം പാലിച്ചു മൗനമായിരുന്നു. തത്തുല്യമായ നിലയിൽ വികാരവിക്ഷോഭത്തിൽ അവളും പ്രതികരിച്ചിരുന്നു എങ്കിൽ എന്തൊക്കെ അവിടെ സംഭവിക്കുമായിരുന്നു...! എന്നാൽ വളരെ പക്വതയോടും പരിജ്ഞാനത്തോടും കൂടി അന്ന് ആ അമ്മ മൗനമായിരുന്നു. എല്ലാം ശാന്തമായതിനു ശേഷം പിറ്റേദിവസം മാത്രം അത് മൂലമുണ്ടാകാമായിരുന്ന ഭവിഷ്യത്തിനെക്കുറിച്ചു തന്റെ ഭർത്താവിനോട് വളരെ ആദരവോടും സൂക്ഷ്മതയോടും കൂടെ സംസാരിച്ചു. തൽഫലമായി ആ പിതാവിന് തന്റെ കോപത്തിൽ വിവേകരഹിതനായി പ്രവർത്തിച്ച ആ കൃത്യം എത്ര ക്രൂരമായിരുന്നു എന്ന് ബോധ്യപ്പെടുകയും, മേലിൽ ആത്മസംയമനം പാലിക്കുമെന്ന തീരുമാനത്തോടെ ഭാര്യയ്ക്ക് വാക്കുകൊടുക്കുകയും ചെയ്തു. തന്നിമിത്തം തന്റെ ഭാര്യയോട് ഭർത്താവിന് ആദരവും മതിപ്പുംതോന്നുവാൻ കാരണമായിത്തീർന്നു. ബന്ധങ്ങൾക്ക് ഉലച്ചിൽ തട്ടാതെ പ്രശ്നങ്ങൾ പരിഹരിക്കാം എന്നതിന് ഒരു ഉത്തമ ദൃഷ്ടാന്തമായി നമുക്ക് ഈ സംഭവത്തെ പരിഗണിക്കാവുന്നതാണ്.

ബൈബിളിലെ അബീഗയിൽ എന്ന ഭാര്യയുടെ വിവേകത്തോടെയുള്ള പ്രതികരണം വരാമായിരുന്ന വലിയ വിപത്തുകളെ ഒഴിവാക്കിയത് നമുക്ക് ഏവർക്കുമറിവുള്ള ഒരു സംഭവമാണല്ലോ. 1 ശമുവേൽ 25–ാം അധ്യായത്തിൽ ഇത് വിവരിക്കുന്നു. 'അബീഗയിൽ ദാവീദിനെക്കണ്ടപ്പോൾ വേഗം കഴുതപ്പുറത്തുനിന്നിറങ്ങി അദ്ദേഹത്തിന്റെമുമ്പിൽ സാഷ്ടാംഗം വീണു നമസ്കരിച്ചു. അവൾ അദ്ദേഹത്തിന്റെ കാൽക്കൽവീണു പറഞ്ഞു: എന്റെ പ്രഭോ, കുറ്റം എന്റെമേൽമാത്രമായിരിക്കട്ടെ! അങ്ങയുടെ ഈ ദാസിയെ അങ്ങയോടു സംസാരിക്കാൻ അനുവദിച്ചാലും! ....എന്റെ പ്രഭോ! അങ്ങ് ആ ദുഷ്ടമനുഷ്യനായ നാബാലിനെ ഗണ്യമാക്കരുതേ! അവൻ തന്റെ പേരുപോലെതന്നെയാണ്. നാബാലെന്നാണല്ലോ അവന്റെ പേര്. ഭോഷത്തം അവന്റെ കൂടപ്പിറപ്പാണ്. അടിയനോ, യജമാനൻ അയച്ച ആളുകളെ കണ്ടിരുന്നില്ല. ഇന്ന് യഹോവ രക്തപാതകത്തിൽനിന്നും സ്വന്തം കൈകൾകൊണ്ടുള്ള പകപോക്കലിൽനിന്നും ജീവനുള്ള ദൈവമായ യഹോവയാണ, അങ്ങാണ, എന്റെ യ

ജമാനനെ തടഞ്ഞിരിക്കുന്നു. അങ്ങയുടെ ശത്രുക്കളും എന്റെ യജമാനനു ദ്രോഹം നിരൂപിക്കുന്ന ഏവരും ആ നാബാലിനെപ്പോലെ ആയിത്തീരട്ടെ! അങ്ങയുടെ ഈ ദാസി എന്റെ യജമാനനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ കാഴ്ചകൾ അങ്ങയുടെ അനുയായികൾക്കു നൽകിയാലും'. നോക്കുക, അബീഗയിൽ എത്ര പരിജ്ഞാനത്തോടെ ആണ് ഒരു വലിയ വിപത്ത് ഒഴിവാക്കിയത്.

ചെറിയ പ്രാർത്ഥനാക്കൂട്ടങ്ങളിൽ ഒരുപക്ഷേ കുറച്ചു പേർ മാത്രമായിരിക്കും ഉള്ളത്. ചില സന്ദർഭങ്ങളിൽ ചില സഹോദരിമാർ മന:പ്പൂർവ്വമല്ലെങ്കിൽപ്പോലും മറ്റുള്ളവരെ പ്രയാസപ്പെടുത്തുന്ന വിധത്തിൽ പെരുമാറുകയോ സംസാരിക്കുകയോ ചെയ്യുന്നതായി കേട്ടിട്ടുണ്ട്. ഇടർച്ച വരുത്തുന്ന ഇത്തരം ഇടപെടലുകൾ തികച്ചും അനുചിതവും അരോചകവും ആകയാൽ ഒഴിവാക്കേണ്ടതുമാണ്.

മറ്റു ചിലരെക്കുറിച്ചു ഭർത്താക്കന്മർക്കുള്ള പരാതി മക്കളുടെയോ ഭർത്താവിന്റെയോ, മാതാപിതാക്കളുടെയോ കാര്യങ്ങളിൽ ഒട്ടും ശ്രദ്ധിക്കാതെ എപ്പോഴും പാട്ടും പ്രാർത്ഥനയും ബൈബിൾ പാരായണവും ഒക്കെയായി സമയം തള്ളിനീക്കുന്നു എന്നതാണ്. ഇതല്ലാം ആവശ്യമാണെങ്കിൽപ്പോലും വീട്ടുകാര്യങ്ങൾ ചെയ്യാതെയിരുന്നാൽ ദൈവവചനത്തിന്റെ പരസ്യമായ ലംഘനവും, മറ്റുള്ളവർക്ക് അസ്വസ്ഥത ഉളവാക്കുന്നതുമാണ്. 'ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർ വചനം അനുസരിക്കാത്തവർ ആണെങ്കിൽക്കൂടി അവർക്ക് വിധേയരാകുക. വാച്യമായ ഉപദേശം കൂടാതെതന്നെ ആദരപൂർണവും നിർമലവുമായ നിങ്ങളുടെ പെരുമാറ്റംകൊണ്ട് അവരെ നേടാൻ സാധിക്കും' എന്നാണ് 1 പത്രോസ് 3 ന്റെ 1,2 വാക്യങ്ങളിലും നാം കാണുന്നത്. ഉത്തമമായ മാതൃകാജീവിതം മറ്റുള്ളവരെ കർത്താവിങ്കലേക്കു ആകർഷിക്കുമ്പോൾ,നിസംഗവും നിരുത്തരവാദപരവുമായ ജീവിതം അനേകരെ ക്രിസ്തുവിൽനിന്ന കറ്റിക്കളയുകയാണ് ചെയ്യുന്നത് എന്ന് നാം തിരിച്ചറിയണം. ആകയാൽ പരകാര്യത്തിലിടപെട്ടു സമയം പാഴാക്കി, തങ്ങൾക്കു തന്നെയും കുടുംബത്തിനും ദോഷം വരുത്തുന്നവരാകാതിരിക്കുവാൻ സഹോദരിമാർ അങ്ങേയറ്റം ജാഗ്രത പുലർത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ ജോലി ചെയ്തു കൊണ്ടിരിക്കുമ്പോഴും ഏതു ഉത്തരവാദിത്തങ്ങൾ നിർവഹിക്കുമ്പോഴും ഹൃദയം ദൈവസന്നിധിയിൽ പകരുവാൻ കഴിയും എന്നുള്ളതും നാം മറന്നു പോകരുത്. ഇടവിടാതെ പ്രാർത്ഥിപ്പിൻ എന്ന് പൗലോസ് പറയുമ്പോൾ ഇത് തന്നെയല്ലേ അർത്ഥമാക്കുന്നത്?

സഹോദരിമാർ ദയാശീലരും മനസ്സലിവുള്ളവരും ആയിരിക്കണം എന്നത് ദൈവത്തിന്റെ പദ്ധതിയാണ്. അതുകൊണ്ടാണല്ലോ മക്കളെ സൂക്ഷ്മതയോടെ വളർത്തുവാനുള്ള ഭാരിച്ച ഉത്തരവാദിത്തം ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. തീമോഥെയോസിന്റെ വിശ്വാസജീവിതത്തിൽ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചിരുന്ന രണ്ടു വനിതാരത്നങ്ങളായിരുന്നു അമ്മ ലോവീസും വലിയമ്മ യൂനീക്കയും.

ചില അമ്മമാർ മക്കളോട് കോപം വരുമ്പോൾ ശാപവാക്കുകൾ അവരുടെ മേൽ ചൊരിയാറുണ്ട്. ഉദാഹരണത്തിന് നീയൊരിക്കലും ഗുണം പിടിക്കുകയില്ല എന്നു തുടങ്ങിയ ശാപവാക്കുകൾ... ഇവിടത്തെ ഏറ്റവും വലിയ ഭവിഷ്യത് ചില കുഞ്ഞുങ്ങൾ അവരുടെ മനസ്സിൽ അങ്ങനെതന്നെ ചിന്തിക്കുകയും, ഞാൻ ഗുണം പിടിക്കുകയില്ല, പിന്നെന്തിനു കഷ്ടപ്പെടണം എന്ന മനോഭാവം ഉൾക്കൊണ്ടു സാമൂഹ്യദ്രോഹികളും കുടുംബദ്രോഹികളും ദൈവദ്വേഷികളും വിനാശകാരികളും ആയിത്തീരുന്നുമുണ്ട്. മനുഷ്യൻ വിതയ്ക്കുന്നത് തന്നെ കൊയ്യും എന്നത് നാം മറന്നു പോകരുത്.

ശാപം വിത ച്ചാൽ ശാപം കൊയ്യേണ്ടി വരും എന്നത് കൃത്യ മായി ഓർത്തിരിക്കേണ്ടതാണ്. മാതൃകയോടും ഉത്തരവാദിത്തത്തോടും വചനാനുസരണം ജീവിക്കുകയും ആത്മികതയെ സൂക്ഷിക്കുകയും ചെയ്യുന്ന സഹോദരിമാർ തീർച്ചയായും അവരുടെ പ്രിയപ്പട്ടവരാൽ പ്രശംസയും ബഹുമാനവും ആദരവും ധാരാളമായി അനുഭവിക്കും. അവർ സന്തുഷ്ടരായി ദൈവത്തിനു മഹത്വവും മറ്റുള്ളവർക്ക് അനുഗ്രഹവും എക്കാലത്തും സ്മരണീയരും ആയി നിലകൊള്ളും. അതുകൊണ്ടാണല്ലോ അബീഗയിലും ലോവീസും യൂനീക്കയും ഇന്നും ഉത്തമ മാതൃകകളായി ശോഭിക്കുന്നത്. 'അവളുടെ മക്കൾ എഴുന്നേറ്റ് അനുഗ്രഹി ക്കപ്പെട്ടവൾ എന്ന് അവളെ പുകഴ്ത്തുന്നു; അവളുടെ ഭർത്താവും അവളെ പുകഴ്ത്തുന്നു: സദ്ഗുണങ്ങളുള്ള ധാരാളം വനിതകളുണ്ട്, എന്നാൽ അവരെയെല്ലാ വരെക്കാളും നീ ശ്രേഷ്ഠയാണ് ' (സദൃശ്യ വാക്യം 31:28, 29). ഇ ങ്ങനെ ഉത്തമ മാതൃകകളായിരിപ്പാൻ നമുക്ക് നമ്മെ സമർപ്പിക്കാം. •



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# ക്രിസ്തുവിന്റെ മഹിമ കണ്ട സാക്ഷികൾ

***'ആ**റു ദിവസം കഴിഞ്ഞശേഷം യേശു പത്രൊസിനെയും യാക്കോബിനെയും അവന്റെ സഹോദരനായ യോഹന്നാനെയും കൂട്ടി തനിച്ച് ഒരു ഉയർന്നമലയിലേക്കു കൊണ്ടുപോയി, അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു, അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ച് അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായിത്തീർന്നു . മോശെയും ഏലീയാവും അവനോടു സംഭാഷിക്കുന്നതായി അവർ കണ്ടു. അപ്പോൾ പത്രൊസ് യേശുവിനോട്: കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്ന്; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം, ഒന്ന് നിനക്കും ഒന്നു മോശെക്കും ഒന്ന് ഏലീയാവിനും എന്നു പറഞ്ഞു. അവൻ പറയുമ്പോൾ തന്നെ പ്രകാശമുള്ളോരു മേഘം അവരുടെമേൽ നിഴലിട്ടു; മേഘത്തിൽനിന്ന്: ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിക്കുന്നു; ഇവനു ചെവികൊടുപ്പിൻ എന്ന് ഒരു ശബ്ദവും ഉണ്ടായി. ശിഷ്യന്മാർ അതു കേട്ടിട്ട് ഏറ്റവും ഭയപ്പെട്ടു കവിണ്ണുവീണു. യേശു അടുത്തുചെന്ന് അവരെ തൊട്ടു: എഴുന്നേല്പിൻ, ഭയപ്പെടേണ്ടാ എന്നു പറഞ്ഞു. അവർ തല പൊക്കിയാറെ യേശുവിനെ മാത്രമല്ലാതെ ആരെയും കണ്ടില്ല' (മത്തായി 17:18)***

മാനവരക്ഷയ്ക്കായി മനുഷ്യന് പകരമായി പ്രായശ്ചിത്തമരണം സ്വീകരിക്കുവാൻ മനുഷ്യജന്മം എടുത്ത കർത്താവിന്റെ ദൈവത്വത്തിന്റെ പ്രഭയുടെ ശോഭ, ചെറിയ ഒരളവിൽ അവിടുന്ന് ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾത്തന്നെ കാണുവാൻ ഭാഗ്യം ലഭിച്ചവരായിരുന്നു പത്രോസും, യാക്കോബും, യോഹന്നാനും. ആ സംഭവത്തെക്കുറിച്ച് ആണല്ലോ മുകളിൽ ഉദ്ധരിച്ചിരിക്കുന്ന വേദഭാഗത്തുള്ളത്. ഈ സംഭവത്തെക്കുറിച്ച് പത്രോസ് തന്റെ രണ്ടാം ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്. ആ വേദഭാഗവും കൂടി ഇവിടെ ഉദ്ധരിക്കുന്നു.'ഞങ്ങൾ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയും പ്രത്യക്ഷതയും നിങ്ങളോട് അറിയിച്ചതു നിർമ്മിതകഥകളെ പ്രമാണിച്ചിട്ടല്ല, അവന്റെ മഹിമ കണ്ട സാക്ഷികളായിത്തീർന്നിട്ടത്രേ. ഇവൻ എന്റെ പ്രിയപുത്രൻ; ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നുള്ള ശബ്ദം അതിശ്രേഷ്ഠതേജസ്സിങ്കൽ നിന്നു വന്നപ്പോൾ പിതാവായ ദൈവത്താൽ അവനു മാനവും തേജസ്സും ലഭിച്ചു. ഞങ്ങൾ അവനോടുകൂടെ വിശുദ്ധപർവതത്തിൽ ഇരിക്കുമ്പോൾ സ്വർഗത്തിൽനിന്നും ഈ ശബ്ദം ഉണ്ടായതു കേട്ടു'(2 പത്രോസ് 1: 16, 18).

ക്രിസ്തുവിനെ പ്രസംഗിക്കുന്നതിന് പത്രോസിനു ലഭിച്ച ഈ ദിവ്യാനുഭവം പത്രോസിനെ പ്രാഗല്ഭ്യം ഉള്ളവനാക്കി. മറ്റ് ശിഷ്യന്മാർക്കും അങ്ങനെ തന്നെ ആയിരുന്നു. കർത്താവിന് ഉണ്ടായ രൂപാന്തരം പിതാവായ ദൈവം ബഹുമാനവും തേജസ്സും പുത്രനെ അണിയിച്ചതാണ്. ആ രൂപാന്തരം പത്രോസും, യാക്കോബും, യോഹന്നാനും നോക്കിനിൽക്കെ അവരുടെ കൺ

മുമ്പിൽ ആയിരുന്നു. നിമിഷനേരം കൊണ്ട് സംഭവിച്ച രൂപാന്തരം! 'ആറു ദിവസം കഴിഞ്ഞശേഷംഎന്നു പറഞ്ഞുകൊണ്ടാണ് മത്തായി ഈ സംഭവം വിവരിക്കുന്നത്. ആറു ദിവസം കഴിഞ്ഞശേഷം എന്ന പ്രയോഗത്തിന്റെ പ്രാധാന്യത എന്തായിരിക്കും? 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു' എന്ന് പത്രോസ് ഏറ്റുപറഞ്ഞതാണ് ഇതിന് മുമ്പ് മത്തായി രേഖപ്പെടുത്തിയ പ്രധാന സംഭവം. അതുകൊണ്ട് പത്രോസിന്റെ ഏറ്റുപറച്ചിലിനെ തുടർന്ന് ആറു ദിവസം കഴിഞ്ഞിട്ട് എന്ന് നമുക്ക് അനുമാനിക്കാം.

യേശുവിനെ ക്രിസ്തു എന്നു ഏറ്റുപറഞ്ഞതിനുശേഷം പത്രോസ് മാനുഷിക ചിന്തകളാൽ അല്പം ഉലഞ്ഞു പോയി. കർത്താവ് തന്റെ ക്രൂശുമരണത്തെക്കുറിച്ച് അവരോട് പറഞ്ഞു തുടങ്ങിയപ്പോൾ പത്രോസിന് അത് ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. യേശു മരിക്കുന്നതിനെക്കുറിച്ച് അവർക്ക് ചിന്തിക്കുവാൻ കഴിഞ്ഞില്ല. അതും പോരാഞ്ഞിട്ട് ക്രൂശ് മരണം! ഇസ്രായേലിനു രാജ്യം യഥാസ്ഥാനത്താക്കുന്ന മശിഹയെ ആണ് അവർയേശുവിൽ കാണുവാൻ ശ്രമിച്ചത്. തങ്ങളെ പാപത്തിൽ നിന്നും, പിശാചിന്റെ അടിമത്വത്തിൽ നിന്നും വിടുവിക്കുന്ന രക്ഷകനായ മശിഹയുടെ ചിന്ത അവർക്ക് ഉണ്ടായില്ല. യേശു മരിച്ചാൽ എല്ലാം അവസാനിക്കും, അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും എല്ലാം തകരും എന്നാണ് അവർ കരുതിയത്. ദൈവത്തിന്റെ ഉന്നതമായ പദ്ധതി ഉൾക്കൊള്ളുവാൻ അവർക്ക് അപ്പോൾ കഴിവുണ്ടായിരുന്നില്ല.

മനുഷ്യന്റെ ബലഹീനത അറിയുന്ന കർത്താവ് എത്ര ക്ഷമയോടെയാണ് തന്റെ അരുമശിഷ്യനെ കൂടെക്കൊണ്ടു നടക്കുന്നത്. ശാസിച്ചും, ആശ്വസിപ്പിച്ചും, പ്രോത്സാഹിപ്പിച്ചും അവരെ ക്ഷമയോടെ വഴിനടത്തി. തന്നെക്കുറിച്ച് കൂടുതൽക്കൂടുതൽ വെളിപ്പാടും, ദൈവത്തിന്റെ പദ്ധതിയെ ഗ്രഹിക്കുവാനുള്ള കഴിവും, സാവകാശത്തിൽ അല്പാല്പമായി അവർക്ക് നൽകിക്കൊണ്ടിരുന്നു.

അവിടുന്ന് തന്നെത്തന്നെ തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുക്കുന്നതിന്റെ ഭാഗമായിട്ടായിരുന്നു അവരുടെ മുമ്പിൽ രൂപാന്തരപ്പെട്ടത്. തന്റെ മഹത്വപ്രഭയുടെ വളരെ ചെറിയ ഒരു ദർശനം അവർക്ക് നൽകുകയായിരുന്നു. പത്രോസും, യാക്കോബും, യോഹന്നാനും ആശ്ചര്യത്തോടെ അത്ഭുതപരതന്ത്രരായി യേശുവിനെ നോക്കിനിന്നു. അപ്പോൾ അവർക്ക് അല്പം പോലും ഭയം

**യേശു മരിച്ചാൽ എല്ലാം അവസാനിക്കും, അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും എല്ലാം തകരും എന്നാണ് അവർ കരുതിയത്. ദൈവത്തിന്റെ ഉന്നതമായ പദ്ധതി ഉൾക്കൊള്ളുവാൻ അവർക്ക് അപ്പോൾ കഴിവുണ്ടായിരുന്നില്ല.**

തോന്നിയില്ല. മോശെയും ഏലിയാവും യേശുവിനോട് സംഭാഷിക്കുന്നതായും അവർ കണ്ടു. വാസ്തവത്തിൽ അവർ മറ്റൊരു ലോകത്തിൽ എന്ന പ്രതീതി ആയിരുന്നു. പെട്ടെന്ന് പത്രോസിന് തോന്നിയ ആശയം മൂന്ന് കുടിൽ ഉണ്ടാക്കുക എന്നതായിരുന്നു. യേശുവിനുംമോശെയ്ക്കും ഏലിയാവിനും ഓരോ കുടിൽ! ആ മലയിൽ നിന്ന് പോകേണ്ട എന്നാണ് പത്രോസ് പറയുന്നത്. അത്ര ആനന്ദകരമായ ഒരു അനുഭവം ആയിരുന്നു അത്.

മോശെ പഴയനിയമത്തിന്റെ മധ്യസ്ഥനാണ്. മോശെ മരിച്ചു, എന്നാൽ ശവസംസ്കാരം നടത്തിയത് ദൈവദൂതന്മാർ ആയിരുന്നു. 'അവൻ അവനെ മോവാബുദേശത്തു ബേത്ത്പെയോരിനെ തിരേയുള്ള താഴ്വരയിൽ അടക്കി; എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല' (ആവർത്തനം 34:6) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. മോശെയുടെ ശരീരം അടക്കം ചെയ്യുന്നതിന് പിശാച് എതിരുപറഞ്ഞപ്പോൾ പ്രധാനദൂതനായ മീഖായേൽ പിശാചിനോട്; 'കർത്താവ് നിന്നെ ഭത്സിക്കട്ടെ എന്നു പറയുകയും പിശാച് പിന്മാറുകയും ചെയ്തു എന്ന് യൂദ എഴുതിയിരിക്കുന്നു. 'എന്നാൽ പ്രധാനദൂതനായ മീഖായേൽ മോശെയുടെ ശരീരത്തെക്കുറിച്ചു പിശാചിനോടു തർക്കിച്ചു വാദിക്കുമ്പോൾ ഒരു ദൂഷണവിധി ഉച്ചരിപ്പാൻ തുനിയാതെ: കർത്താവു നിന്നെ ഭത്സിക്കട്ടെ എന്നു പറഞ്ഞതേ ഉള്ളൂ' (യൂദ:9). തത്വത്തിൽ മോശെയെ ദൈവമാണ് അടക്കിയത്.

ഏലിയാവ് മരണം കാണാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട വ്യക്തിയാണ്. പഴയനിയമത്തിലെ ശക്തനായ പ്രവാചകനായിരുന്നു ഏലിയാവ്. ഇസ്രായേൽജനം ദൈവത്തെ വിട്ട്

പിന്മാറിയപ്പോൾ അവരെ തിരിച്ചു വരുത്തുവാനുള്ള പ്രത്യേക ദൗത്യത്തിനായി ദൈവം അഭിഷേകം ചെയ്ത പ്രവാചകനായിരുന്നു ഏലിയാവ്. 'യഹോവയുടെ വലുതും ഭയങ്കരവുമായ നാൾ വരുന്നതിന് മുമ്പേ ഞാൻ നിങ്ങൾക്ക് ഏലിയാ പ്രവാചകനെ അയയ്ക്കും എന്ന ദൈവത്തിന്റെ വാഗ്ദത്തം നാം കാണുന്നു'(മലാഖി 4:5). ഏലിയാവിന്റെ ശുശ്രൂഷ 'അവൻ അപ്പന്മാരുടെ ഹൃദയം മക്കളോടും, മക്കളുടെ ഹൃദയം അപ്പന്മാരോടും നിരപ്പിക്കും എന്നതാണ്' (മലാഖി 4:16).

സ്നാപകയോഹന്നാനെക്കുറിച്ചുള്ള ദൈവത്തിന്റെ അരുളപ്പാട് 'അവൻ ഇസ്രായേൽമക്കളിൽ പലരെയും അവരുടെ ദൈവമായ കർത്താവിങ്കലേക്കു തിരിച്ചുവരുത്തും. അവൻ അപ്പന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും വഴങ്ങാത്തവരെ നീതിമാന്മാരുടെ ബോധത്തിലേക്കും തിരിച്ചുംകൊണ്ട് ഒരുക്കമുള്ളോരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാൻ അവനു മുമ്പായി ഏലീയാവിന്റെ ആത്മാവോടും ശക്തിയോടുംകൂടെ നടക്കും' (ലൂക്കോസ് 1:16,17) എന്നായിരുന്നുവല്ലോ. ഏലിയാവിൽ വ്യാപരിച്ചു പ്രവർത്തിച്ച പരിശുദ്ധാത്മാവ് ആ നിരപ്പിന്റെ ശുശ്രൂഷ തുടരുന്നു.

ഭൂമിയിലെ ശുശ്രൂഷ തികച്ച്, മരണാനന്തര വിശ്രമത്തിൽ ആയിരിക്കുന്ന മോശെയും ഏലിയാവും ശിഷ്യന്മാർ കാണത്തക്ക നിലയിൽ പ്രത്യക്ഷപ്പെട്ടു കർത്താവിനോട് എങ്ങനെ സംഭാഷിക്കുവാൻ കഴിഞ്ഞു എന്ന് ചോദ്യം നമുക്കുണ്ടാകുന്നുണ്ട്. വാസ്തവത്തിൽ അങ്ങനെ ഒരു ചോദ്യത്തിന് പ്രസക്തി ഇല്ല. കാരണം ദൈവം തന്റെ സർവ്വാധികാരത്തിൽ ചെയ്ത കാര്യമാണ് അത്. മനുഷ്യരിൽ ആരുമല്ല മോശെയോടും ഏലിയാവിനോടും സംസാരിച്ചത്. സാക്ഷാൽ ദൈവപുത്രനായ ക്രിസ്തു തന്നെയാണ്. രൂപാന്തരപ്പെട്ട ഒരു വ്യത്യസ്ത നിലവാരത്തിൽ നിന്നുകൊണ്ടാണ് കർത്താവ് അവരോട് സംസാരിച്ചത്. അവരും തേജസിലാണ് പ്രത്യക്ഷപ്പെട്ടത് (ലൂക്കോസ് 9:30). അത് ഒരു ദർശനം എന്നതുപോലെ കാണുവാൻ പത്രോസിനും യാക്കോബിനും യോഹന്നാനും ദൈവം വരം നൽകി അതിന് പ്രാപ്തരാക്കി. ഇത് തികച്ചും ഒറ്റപ്പെട്ട സംഭവമാണ്. മരിച്ചുപോയവർ ഭൂമിയിൽ പ്രത്യക്ഷപ്പെടാം എന്നതിന് ഇത് തെളിവല്ല. മരിച്ചുപോയവർ അവർക്കായി നിയമിക്കപ്പെട്ട സ്ഥലങ്ങളിൽ പുനരുത്ഥാനം വരെ ആയിരിക്കും എന്നാണ് ബൈബിൾ വ്യക്തമാക്കുന്നത്.

**പ്രാർത്ഥന നമ്മെ എത്ര ഉന്നതങ്ങളിലേക്ക് ഉയർത്തുന്നതാണ് എന്നതിന് ഒരുദാഹരണം കൂടിയാണിത്. കാരണം, പ്രാർത്ഥന സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സംഭാഷണമാണ്.**

യേശുവിനു രൂപാന്തരം സംഭവിച്ചത് പ്രാർത്ഥിക്കുമ്പോൾ ആയിരുന്നു (ലൂക്കോസ് 9: 29). പ്രാർത്ഥന നമ്മെ എത്ര ഉന്നതങ്ങളിലേക്ക് ഉയർത്തുന്നതാണ് എന്നതിന് ഒരുദാഹരണം കൂടിയാണിത്. കാരണം, പ്രാർത്ഥന സ്വർഗ്ഗസ്ഥനായ പിതാവിനോടുള്ള സംഭാഷണമാണ്. യെരുശലേമിൽ പ്രാപിക്കുവാനുള്ള നിര്യാണത്തെക്കുറിച്ച് ആയിരുന്നു മോശെയും ഏലിയാവും യേശുവിനോട് സംസാരിച്ചത്. നിര്യാണം എന്നാൽ പുറപ്പാട് എന്നർത്ഥം. അത് ക്രൂശിലെ മരണം വഴി ആയിരുന്നുവല്ലോ. മുഴുവൻ മനുഷ്യവർഗ്ഗത്തിനുമായി പ്രായശ്ചിത്തമരണം ഏറ്റെടുക്കുന്ന കർത്താവിനോട് മനുഷ്യരുടെ പ്രതിനിധികൾ ആയി പഴയനിയമ മധ്യസ്ഥനായി മോശെയും, നിരപ്പിന്റെ ശുശ്രൂഷകനും പ്രവാചകനുമായ ഏലിയാവും സംസാരിച്ചു എന്ന് കരുതാം.

തന്റെ മരണത്തെക്കുറിച്ച് സംസാരിച്ചപ്പോൾ 'അരുത് നിനക്ക് അങ്ങനെ ഭവിക്കരുത്' എന്നുപറഞ്ഞ ശിഷ്യന്മാരോട് തേജസിൽ നിന്നും പിതാവിന്റെ ശബ്ദം 'ഇവൻ എന്റെ പ്രിയപുത്രൻ ഇവനെ ചെവി കൊടുപ്പിൻ' എന്നായിരുന്നു. ശിഷ്യന്മാരെ മേഘം വന്നു മൂടി. അപ്പോൾ അവർ ഭയപ്പെട്ടുപോയി. പിന്നെ കണ്ണ് തുറന്നു നോക്കു മ്പോൾ യേശു മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. അവർക്ക് വിശദീകരിക്കുവാൻ പറ്റാത്ത ഒരു സംഭവം ആയിരുന്നു ഇത്. അതിനാൽ അവർ മൗനമായിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ വന്നു കഴിഞ്ഞപ്പോൾ എല്ലാം അവർക്ക് മനസ്സിലായി. കർത്താവിന്റെ മഹത്വം ആണ് ദർശിച്ചത് എന്നവർ തിരിച്ചറിഞ്ഞു! •

മായി കാണിക്കുന്നത് മരുഭൂമിയിലെ യിസ്രായേൽ മക്കളെയാണ്. എന്നാൽ ഇന്നത്തെ തലമുറയുമായി തട്ടിച്ചുനോക്കിയാൽ യിസ്രായേൽമക്കൾ എത്രയോ ഭേദം.... നാം നന്ദിയുള്ളവരായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ട്. യേശു പത്തു കുഷ്ഠരോഗികളെ സൗഖ്യമാക്കി: ശമര്യക്കാരനായ ഒരാൾ മാത്രം മടങ്ങിവന്ന് യേശുവിനു നന്ദിയർപ്പിച്ചു. "പത്തുപേർ ശുദ്ധരായില്ലയോ, ബാക്കി ഒൻപതുപേർ എവിടെ?'' യേശു ചോദിച്ചു (ലൂക്കോസ് 17: 17). എല്ലാത്തിനും സ്തോത്രം ചെയ്യാൻ – നന്ദികരേറ്റാൻ നാം പഠിക്കേണ്ടിയിരിക്കുന്നു.

**8. അശുദ്ധൻ** (unholy)

ശുദ്ധിയില്ലായ്മ മാത്രമല്ല ഈ തലമുറയുടെ പ്രശ്നം. അശുദ്ധിയെ അറപ്പോടെ കാണേണ്ടതിനു പകരം അതിനെ ഒരു സുഗന്ധപുഷ്പമെന്ന പോലെ വാരി പുണരുന്നതാണ്! പാറ്റിംഗും ഡേറ്റിംഗും ഒക്കെ ഇന്നു ഫാഷനാണ്. വിവാഹം ഒരു പഴഞ്ചൻ മതസങ്കല്പമാണെന്നും 'സഹവാസം' (co-habitation) ആണ് ഞങ്ങൾ തെരഞ്ഞെടുക്കുന്നതെന്നും ആൺകുട്ടികളും പെൺകുട്ടികളും ആണയിട്ടുപറയുന്നു! കാര്യങ്ങൾ ഇപ്പോൾ അവിടെനിന്നുപോലും കൈവിട്ടു പോയിരിക്കുന്നു. പെൺകുട്ടി പെൺകുട്ടിയെയും ആൺകുട്ടി ആൺകുട്ടിയേയും കാണിച്ചിട്ട് നമ്മെ പരിചയപ്പെടുത്തുന്നു: 'എന്റെ ജീവിതപങ്കാളിയെ (life partner) പരിചയപ്പെടൂ...!'

**9. വാത്സല്യമില്ലാത്തവർ** (without natural affection):

സ്നേഹവും സഹാനുഭൂതിയും മനസ്സലിവുമൊക്കെ നമ്മുടെ സമൂഹത്തിൽനിന്ന് എന്നേ പറന്നുപോയിരിക്കുന്നു! അതിനെയെല്ലാം ഓടിച്ചുവിട്ട് ഇന്നു വാണരുളുന്നത് ഒരു വില്ലൻ മാത്രം! 'സുഖം' (pleasure). സൗഹൃദം പാർട്ടി കൂടാൻ മാത്രം. പങ്കുവെയ്ക്കാൻ മയക്കുമരുന്നിന്റെ സൂചി മാത്രം. ആണും പെണ്ണും കൂട്ടുകൂടുന്നത് 'സുഖാന്വേഷണ'ത്തിനു മാത്രം.... ഹൃദയത്തിന്റെ ഉള്ളിൽ നിന്ന് സ്നേഹത്തെ കുടിയിറക്കിക്കഴിഞ്ഞിരിക്കുന്നു! മനസ്സലിവും സഹാനുഭൂതിയും എല്ലാം വിദൂര സങ്കല്പങ്ങൾ മാത്രം. ടെലിവിഷനിലെ സീരിയലുകളിൽ പോലും ഇന്ന് അതൊന്നും കാണാനില്ല; പകരം, വഞ്ചനയും വ്യഭിചാരവും കൊലപാതകവും മാത്രം! അയ്യോ! ഇത് അന്ത്യകാലമല്ലാതെ മറ്റെന്ത്?

**10. ഇണങ്ങാത്തവർ, ഒടുങ്ങാത്ത പകയുള്ളവർ** (implacable):

പണ്ടൊക്കെ എത്ര വഴക്കുണ്ടായാലും അതൊക്കെ നാം പറഞ്ഞു തീർക്കുമായിരുന്നു; ഇണങ്ങിക്കഴിഞ്ഞാൽ നമ്മൾ എല്ലാം മറക്കുമായിരുന്നു. എന്നാലിന്ന് ആർക്കും ആരെയും ഇണക്കാൻ കഴിയില്ല; വിളക്കിച്ചേർക്കാൻ കഴിയില്ല. കാരണം, ഓരോരുത്തരും അവരവരുടെ ലോകത്തു തന്നെയാണ്... ആർക്കും ആരെയും വേണ്ട – ദൈവത്തെ വേണ്ട!

**11. ഏഷണിക്കാർ** (false accusers):

ഒരാളും ഇന്നു സ്വയം കുറ്റമേൽക്കുന്നില്ല. സ്വന്തം കുറ്റത്തിനും മറ്റൊരാളുടെ മേൽ ആരോപണമുതിർക്കും..... ഒരു കാര്യമോർക്കണം... മറ്റുള്ളവരുടെ മേൽ കുറ്റമാരോപിക്കുമ്പോൾ നിങ്ങൾ സാത്താന്റെ പുത്രനായിത്തീരുകയാണ്. കാരണം "സഹോദരന്മാരെ രാപ്പകൽ ദൈവസന്നിധിയിൽ കുറ്റം ചുമത്തുന്ന അപവാദി സാത്താനാണ്!"(വെളിപ്പാട് 12:10).

**12. അജിതേന്ദ്രിയന്മാർ** (without self control):

പലപ്പോഴും ആളുകൾ പറയുന്നു: 'സഹോദരാ, ഞാനതു പറയണമെന്നു ചിന്തിച്ചതല്ല.... അങ്ങനെ ചെയ്യണമെന്നും ഞാൻ ചിന്തിച്ചതല്ല. എന്തു ചെയ്യാം... ഞാൻ അതു ചെയ്തുപോയി.... എന്തു പറയാൻ എന്നെ ആ സമയത്തു നിയന്ത്രിച്ചത് ഞാനല്ല....' അതെ, അതാണ് സത്യം! നിങ്ങളെ നിങ്ങൾക്കു നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ് അജിതേന്ദ്രിയാവസ്ഥ. ഒരു കാര്യം ശരിയാണ്. നിങ്ങളെ നിങ്ങൾ നിയന്ത്രിക്കാത്തപ്പോൾ നിങ്ങളെ നിയന്ത്രിക്കുന്നത് ഒന്നുകിൽ യേശുവായിരിക്കണം, അല്ലെങ്കിൽ പിശാച്. എന്നാൽ ഇന്ദ്രിയാനുഭൂതികൾക്കു വഴങ്ങുന്ന ഒരു വ്യക്തിയെ നിയന്ത്രിക്കുന്നത് ഒരിക്കലും യേശുവായിരിക്കയില്ല....അപ്പോൾ പിന്നെ നിയന്ത്രണം പിശാചിന്റെ കയ്യിലായിരിക്കണമല്ലോ..... അത് ഒരിക്കലും അനുവദിച്ചുകൂടാ... ഇറക്കിവിടണം, പിശാചിനെ!

**13. ഉഗ്രന്മാർ** (fierce):

ഈ അന്ത്യകാലത്തെ കുറ്റവാളികളുടെ ക്രൂരകൃത്യങ്ങൾ ചില ദശകങ്ങൾക്കുമുമ്പ് ക്രൈം ത്രില്ലർ നോവലിസ്റ്റുകളുടെ ഭാവനയിൽ പോലും വന്നിട്ടില്ല.

**14. സൽഗുണദ്വേഷികൾ** (No lovers of good)

മനുഷ്യൻ ദുഷ്ടതയിൽ ജീവിക്കുന്നത് പഴയ തലമുറയിലും ഉണ്ടായിരുന്നു. എന്നാലും നന്മ ചെയ്തു ജീവിക്കുന്നവരോട് അവർക്കു ഹൃദയത്തിന്റെ ഉള്ളിൽ ഒരു ബഹുമാനവും സ്നേഹവുമൊക്കെ ഉണ്ടായിരുന്നു. എന്നാലിന്ന് അതെല്ലാം മാറി....മറ്റുള്ളവർ നല്ലതായി ജീവിക്കുന്നതുപോലും ദുഷ്ടന്മാർക്ക് സഹിക്കാനാവുന്നില്ല. വെളിച്ചത്തിലേക്കു വരുന്നില്ലെന്നു മാത്രമല്ല; വെളിച്ചത്തിലുള്ളവരെപ്പോലും ഇരുളിലേക്കു വലിച്ചിഴയ്ക്കുവാനാണ് അവർക്കു മോഹം!

**15. ദ്രോഹികൾ – വഞ്ചകർ** (Traitors):

യേശുവിന്റെ കൂടെ ഒരു യൂദാസേ ഉണ്ടായിരുന്നുള്ളൂ... എന്നാലിന്നോ? ദ്രോഹികളുടെയും വഞ്ചകരുടെയും എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു!

**16. ധാർഷ്ഠ്യക്കാർ** (head strong):

ആരെയും വകവെയ്ക്കാത്തവർ, എല്ലാം തട്ടിത്തെറിപ്പിക്കുന്നവർ...

**17. നിഗളികൾ** (Puffed up):

വെറുതെ ചീർത്തുനിൽക്കുന്നവർ... ഉള്ളിൽ കഴമ്പൊന്നുമില്ലെങ്കിലും ബലൂൺപോലെ ഊതിവീർപ്പിക്കപ്പെടുന്നവർ....

**18. ദൈവപ്രിയമില്ലാത്തവർ** (No lovers of God):

ദൈവവും ആത്മീയതയും ഒക്കെ അറപ്പുള്ളവർ.... ലോകത്തിലെ എന്തിനെപ്പറ്റിയും കേൾക്കാൻ അവർക്കു ആയിരം കാതാണ്. അതിനെപ്പറ്റി പറയാൻ അവർക്ക് ആയിരം നാവാണ്. എന്നാൽ ആത്മീയകാര്യങ്ങൾ കേട്ടിരിക്കാൻ അവർക്കു ഒരു നിമിഷംപോലും കഴിയില്ല.

**19. ഭോഗപ്രിയർ** (Lovers of flesh):

ശരീരമോഹങ്ങളുടെ പൂർത്തീകരണത്തിനായി മാത്രം ജീവിക്കുന്നവർ. ഉള്ളിലൊരു ആത്മാവുണ്ടെന്ന് ഒരിക്കലും ഓർക്കാത്തവർ.

**20. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ....**

മേല്പറഞ്ഞ 19 ഗ്രൂപ്പുകളിൽപ്പെട്ടവരും അത് ഉള്ളിലും പുറത്തും ഒരുപോലെ ചെയ്തിരുന്നെങ്കിൽ അത്രയേറെ കുഴപ്പമില്ലായിരുന്നു. എന്നാൽ ഏറ്റവും വലിയ പ്രശ്നം ഈ ദുഷ്ടന്മാരും ഭക്തിയുടെ വേഷം കെട്ടുന്നുവെന്നതാണ്! "അങ്ങനെയുള്ളവരെ വിട്ടൊഴിയുക" (2 തിമോഥെയോസ് 3: 5). അതാണു പൗലൊസിന്റെ ഉപദേശം. അങ്ങനെയുള്ളവർ എപ്പോഴും ലോകത്തിലുണ്ടാവും; ഈ അന്ത്യകാലത്ത് അധികം! അവരെ വിട്ടൊഴിയുക!

ഇതു അന്ത്യകാലത്തിന്റെ അന്ത്യനിമിഷമാണെന്നു മനസ്സിലാക്കിക്കൊണ്ട് ഈ തലമുറയുടെ ദുഷ്ടതയിൽ പങ്കുചേരാതെയും, ആഗ്രഹിക്കാതെയും ഈ തലമുറയുടെ ദുഷ്ടതയെ വിട്ടൊഴിയുവാൻ ദൈവം നമ്മെ ഓരോരുത്തരെയും സഹായിക്കട്ടെ. •

## ➤ 17 സ്നേഹത്തണലിൽ...!

തന്റെ അതീവദു:ഖത്തിൽ ഈയോബ് പരിതപി ക്കുന്നുണ്ടെങ്കിലും അദൃശ്യനായ ദൈവത്തെ അകക്കണ്ണുകൾക്കൊണ്ടു കാണുവാനും സംസാരിക്കുവാനും തനിക്കു കഴിഞ്ഞു. ദൈവത്തിനു സകലവും സാധ്യമാണെന്നും അസാധ്യമായതൊന്നുമില്ലെന്നും താൻ മനസിലാക്കിയപ്പോൾ മുമ്പുപറഞ്ഞ വാക്കുകൾ പരിജ്ഞാനമില്ലാതെ പറഞ്ഞുപോയി എന്ന് തിരിച്ചറിഞ്ഞു. ദൈവിക ഇടപെടലിൽ ഈയോബിന്റെ അന്തിമസ്ഥിതി അതിമഹത്തായതായി തിരുവെഴുത്തിൽ കാണുന്നു.

ദു:ഖത്തിന്റെ നിമിഷങ്ങളിൽ കനത്ത ഏകാന്തതയും ഭയവും നിരാശയും ഒക്കെ പലരും അനുഭവിക്കാറുണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ മറ്റുള്ളവരുടെ സ്നേഹത്തണലും, ആശ്വാസത്തിൽ കുതിർന്ന വാക്കുകളും, സർവോപരി ദൈവത്തിലുള്ള പ്രത്യാശയും ജീവിതത്തിൽ പ്രതീക്ഷകളെ മുളപ്പിക്കുന്നതാണ്. പ്രതീക്ഷയുടെ ഉറവിടം എന്ന് പറയുന്നത് ദൈവം തന്നെയാണ്. നിരാശ മാറ്റി ആശ നൽകുവാൻ ദൈവസാന്നിധ്യത്തിനും ദൈവശബ്ദത്തിനും കഴിയുന്നതുപോലെ വേറെ ആർക്കും, വേറെ ഒന്നിനും കഴിയുകയില്ല എന്നതാണ് പരമാർത്ഥം. നമ്മുടെ ദു:ഖവേളകൾ ആകുന്ന മരുഭൂമികളെ പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഉദ്യാനങ്ങൾ ആക്കി മാറ്റുവാൻ കഴിയുന്ന സർവ്വശക്തനായ ദൈവത്തിലുള്ള പ്രത്യാശയോടെ ജീവിക്കാൻ നമ്മെ സമർപ്പിക്കാം.

•

# വെന്തുരുകുന്ന നമ്മുടെ നാട്...!

അപകടകരമായ നിലയിൽ നമ്മുടെ നദികളിലെയും തോടുകളിലെയും കിണറുകളിലെയും ജലനിരപ്പ് താഴ്ന്നുകൊണ്ടിരിക്കുന്നു എന്ന വസ്തുത കഴിഞ്ഞദിവസം കേരളത്തിലെ പ്രധാനപ്പെട്ട ദിനപത്രങ്ങളിൽ ഒന്നായ മലയാളമനോരമ റിപ്പോർട്ട് ചെയ്തിരുന്നത് വായിച്ചിരിക്കുമല്ലോ. മീനമാസ ചൂടിൽ നാട് വെന്തുരുകുമ്പോൾ കാർഷികമേഖലയിൽ മാത്രമല്ല മറ്റിതര മേഖലകളിൽ പ്രവർത്തിക്കുന്നവർ പോലും കടുത്ത ആശങ്കയിൽ ആകുന്നു. നാടിന്റെ നാഡീഞരമ്പുകൾ എന്നു വിശേഷിപ്പിക്കുന്ന നദികളുടെ ആയുസ്സും ആരോഗ്യവും ക്ഷയിക്കുന്നത് തിരിച്ചറിഞ്ഞ് പരിഹാരമാർഗങ്ങൾ അതിവേഗത്തിൽ നടപ്പിലാക്കുന്നത് ഈ പ്രതിസന്ധിയെ പരിഹരിക്കാൻ സഹായിക്കും.

അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങളും, വ്യാപകമായ മണലൂറ്റും, നദീതീരങ്ങളിൽ തഴച്ചു വളർന്നിരുന്ന മുളങ്കാടുകളും കണ്ടൽക്കാടുകളും വെട്ടി മാറ്റിയതും, നാടിനെയും മനുഷ്യജീവിതത്തെയും പരിപോഷിപ്പിച്ചു കൊണ്ടിരുന്ന നദികളുടെ മരണത്തിന് കാരണമായിട്ടുണ്ട്. പിടിതരാത്ത കാലാവസ്ഥയും, നിയമവിധേയമല്ലാതെ പ്രവർത്തിക്കുന്ന ക്വാറികളും, കുന്നുകൾ ഇടിച്ച് നിരത്തി ചതുപ്പുനിലങ്ങൾ നികത്തിയതും എല്ലാം ഇന്നത്തെ വരൾച്ചയ്ക്ക് കാരണങ്ങളാണ്.

മാലിന്യസംസ്കരണം ശരിയായ രീതിയിൽ നടക്കാത്തതുകൊണ്ട് ജലമലിനീകരണവും രൂക്ഷമാണ്. ജലസ്രോതസുകളുടെ, അതായതു നദികളുടെയും പുഴകളുടെയും ഉത്ഭവസ്ഥാനം മുതൽ മലിനപ്പെട്ടു കൊണ്ടാണ് ഇരിക്കുന്നത്. മലിനീകരണം മാരകങ്ങളായ പല ജലജന്യരോഗങ്ങൾക്കും കാരണമാകുന്നു എന്നത് വളരെ ഭീതിതമായ ഒരവസ്ഥയാണ്. കേവലം ജലസ്രോതസുകൾ മാത്രമല്ല, മണ്ണും വായുമണ്ഡലവും ചുറ്റുപാടുകളെല്ലാം അഭൂത പൂർവ്വമാംവണ്ണം മലിനമാകുന്നു. മനുഷ്യജീവിതത്തിന് മാത്രമല്ല, വൃക്ഷലതാദികകൾക്കും പക്ഷിമൃഗാദികൾക്കും അവയുടെ ആവാസവ്യവസ്ഥകൾക്കു പോലും ഉണ്ടാക്കുന്ന ഭീഷണി വിവരണാതീതമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും, വ്യവസായസ്ഥാപനങ്ങളും, പല വീട്ടുകാരും അവരുടെ മാലിന്യങ്ങൾ പുറത്തു കളയുവാനുള്ള അഴുക്കുചാലുകൾ നദികളിലേക്കും പുഴകളിലേക്കും ആണ് തുറന്നു വെച്ചിരിക്കുന്നത്. നാടിന് ആവശ്യമായ അന്നം തരുന്ന കാർഷിക മേഖലയും ആശങ്കയിലാണ്.

ഒരുപക്ഷേ രാജ്യങ്ങൾ തമ്മിൽ അടുത്ത മഹായുദ്ധം നടക്കാൻ പോകുന്നതുപോലും കുടിവെള്ളത്തിന്വേണ്ടിയായിരിക്കുംഎന്നൊരുപറച്ചിലുണ്ട്.കുടിവെള്ളത്തിന് സ്വർണത്തേക്കാൾ വിലവരുന്ന കാലത്തേക്ക് ലോകം മാറിക്കൊണ്ടിരിക്കുന്നുവോ എന്ന് ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ജനസംഖ്യ വർദ്ധിക്കുകയും ഭൂമിയിൽ ജലം കുറയുകയും ചെയ്യുന്ന സ്ഥിതി വരാൻ പോകുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങൾ കടുത്ത ജലക്ഷാമം അനുഭവപ്പെടുന്ന രാജ്യങ്ങളുടെ പട്ടികയിലേക്ക് നീങ്ങുന്നു. മഹാനദികൾ ഇന്ന് മാലിന്യക്കൂമ്പാരങ്ങളാണ്. കിണറുകളും കുളങ്ങളും രാസവസ്തുക്കളാലും ഖരമാലിന്യങ്ങളാലും ഉപയോഗശൂന്യമായി മാറുന്നു.

ജലാശയങ്ങളും തോടുകളും കിണറുകളും വറ്റിത്തുടങ്ങിയതിനാൽ കുടിവെള്ളത്തിനും കാർഷികവൃത്തിക്കും മറ്റാവശ്യങ്ങൾക്കും താമസിയാതെ പ്രതിസന്ധികൾ നേരിടുവാൻ തുടങ്ങും. കൂടാതെ ആയിരക്കണക്കിന് കർഷകരും സാധാരണക്കാരും, വളർത്തു മൃഗങ്ങളും കാട്ടുമൃഗങ്ങളും പ്രതിസന്ധി നേരിടും.

വ്യക്തികളും സ്ഥാപനങ്ങളും മാലിന്യം വലിച്ചെറിയാതെ അവയെ സംസ്ക്കരിച്ചു പ്രകൃതിയെയും വിഭവങ്ങളെയും മലിനമാകാതെ സംരക്ഷിക്കുവാൻ പ്രതിജ്ഞാബദ്ധരായിരിക്കണം. അധികാരികൾ ജാഗ്രതയോടെ ഇവ സംരക്ഷിക്കുവാൻ ആവശ്യമായ നടപടികൾ യുദ്ധകാല അടിസ്ഥാനത്തിൽ നിർവ്വഹിക്കുകയും വേണം. ●

# ഉണർവും ആത്മതപനവും

ഉണർവില്ലാതെ ജീവിക്കുവാൻ ശീലിച്ചുപോന്ന വിശ്വാസിസമൂഹത്തിന് അമേരിക്കയിലെ ആസ്ബറി യൂണിവേഴ്സിറ്റിയിൽ ഫെബ്രുവരി 8 നു ആരംഭിച്ച ഉണർവിന്റെ സ്റ്റോറീസ് ഒരു ഉണർത്തുപാട്ട് ആയിട്ടുണ്ടെന്ന് കരുതുന്നു. സെമിനാരിയിലെ ചാപ്പൽസർവീസിൽ റോമാലേഖന വാക്യങ്ങളുദ്ധരിച്ച് അധ്യാപകൻ പ്രസംഗിക്കുന്നതിനിടയിൽ സംഭവിച്ച അനുതാപവും ഏറ്റുപറച്ചിലും ആണ് ഈ ഉണർവിലേക്ക് വിദ്യാർഥികളെ നയിക്കാൻ ഇടയായത് എന്നാണ് റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത്. ഉവ്വ്, ഉണർവിന്റെ ആദ്യപടി ഏറ്റുപറച്ചിലും കണ്ണീരും ആണ്.

പഴയനിയമത്തിൽ മഹാപാപപരിഹാര ദിവസം വിശുദ്ധ സഭായോഗം കൂടുവാനുള്ള ദൈവകല്പന മരുഭൂമിയിലെ സഭയായ ഇസ്രായേലിനോട് മോശെ അറിയിക്കുമ്പോൾ എല്ലാവരും ആത്മതപനംചെയ്യണമെന്ന് പ്രത്യേകമായി നിഷ്കർഷിച്ചു. സ്റ്റീരിയോ ടൈപ്പ് 'ഓർഡർ ഓഫ് സർവീസിൽ' അധിഷ്ഠിതമായ ഇന്നത്തെ സഭായോഗങ്ങൾ പലപ്പോഴും സമൃദ്ധിയുടെ പ്രസംഗങ്ങളാലും സാക്ഷ്യങ്ങളാലും അറിയിപ്പുകളാലും അവസാനിക്കുന്നു. അനുതാപവും ആത്മതപനവും കണ്ണീരും ഇന്ന് കാണാറേയില്ല. കഠിനഹൃദയവും ബാഹ്യഭക്തിയും എന്നും യഥാർത്ഥ ഉണർവിനെ നമ്മിൽ നിന്ന് അകറ്റാനേ ഇടയാക്കയുള്ളൂ.

വിശുദ്ധജീവിതവും ഉണർവും പരസ്പരപൂരകങ്ങളാണ്. യൂറോപ്പിലെ ആത്മീക ഉണർവിനു ദൈവം ഉപയോഗിച്ച ചാൾസ് ഫിന്നിയുടെ ഒരു സ്റ്റേറ്റ്മെന്റ് ഇങ്ങനെയാണ്. 'There can be no revival when Mr. Amen and Mr. Wet eyes are not found in the audience. കണ്ണീരണിഞ്ഞു ആത്മതപനത്തോടെ ശുശ്രൂഷിക്കുന്ന സുവിശേഷകനു മാത്രമേ ജനത്തെ ആത്മതപനത്തിലേക്കും ഏറ്റുപറച്ചിലിലേക്കും നയിക്കുവാൻ കഴിയൂ. ആർദ്രഹൃദയത്തോടും താഴ്മയോടും ജനത്തിന്റെ മടങ്ങിവരവിനായി ഇടിവിൽനിന്ന പ്രാർത്ഥനാവീരന്മാരിലൂടെയാണ് ലോകത്തെവിടെയും ഉണർവിന്റെ അഗ്നിനാളങ്ങൾ കത്തിപ്പടർന്നിട്ടുള്ളത്. അതെ, ഉണർവിന് തടസ്സം നിൽക്കുന്ന ആത്മീയനിഗളത്തെയും അധികാരഗർവിനെയും ധനേച്ഛയെയും നമ്മുടെ ഉള്ളിൽനിന്ന് പുറത്താക്കപ്പെട്ടാൽ ഉണർവിന്റെ ഉപകരണങ്ങളായി നമുക്കും രൂപപ്പെടുവാൻ കഴിയും.

**-എംസി**

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി
നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

Bank Account Details:
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.04.2023

NERVEEDHI - APRIL 2023
Annual Subscription ₹ 250.00
(Per copy ₹ 25.00)


Postal Registration No. KL/KTM/150/2023-2025


## ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ














എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678













Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App


Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.